# THE KUDUMBA DEEPAM.





Vol. V.) January 1934. (No. 1.


## വിഷയവിവരം.


1. മംഗളം ........................................ 1
2. ദനഹാത്തിരുനാൾ ........................................ ,,
3. പുൽക്കൂട്ടിലെ ദിവ്യശിശു ........................................ 4.
4. കത്തോലിക്കാ സഭ ........................................ 6.
5. കാലിത്തൊഴുത്തിലെ കൈക്കുഞ്ഞ് ........................................ 10.
6. ആ ദൂതൻ ആരാണ് ? ........................................ 11.
7. വ്യസനനിയന്ത്രണം ........................................ 18.
8. ജീവിതയാത്ര ........................................ 21.
9. ആണ്ട് ഹെലൻെറ കത്തുകൾ ........................................ 23.
10. ബെർണ്ണദീത്തായെ വിശുദ്ധയെന്നു നാമകരണം ചെയ്തു ........................................ 27.
11. ക്ഷയരോഗം ........................................ ,,


We extend to our Readers, Friends and Advertizers.
Best Wishes for a happy and Prosperous New Year.

# മാന്യ വരിക്കാർ അറിവാൻ.

തൊടുപുഴ, കോതമംഗലം, പെരുമ്പാവൂർ, മലയാറ്റൂർ, മഞ്ഞപ്ര, കാലടി എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി. പടിഞ്ഞുപ്പറമ്പിൽ ഇത്താക്ക ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാന്യ വരിക്കാർ അദ്ദേഹത്തിനു അനാവശ്യതാമസത്തിനിടയാക്കാതെ പണം കൊടുത്തു് മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ, കുടുംബദീപം.

---

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനിസ് ദന്തവൈദ്യൻ.

## എറണാകുളം.




പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## The Sacred Heart's Depot,

**BROADWAY, ERNAKULAM.**



ദേവാലയങ്ങൾക്കു ആവശ്യമുള്ള ഏതുതരം മെഴുകുതിരികൾ ഇവിടെ മിതമായ വിലയ്ക്കു കിട്ടുന്നതും ആവശ്യക്കാരുടെ ഹിതാനുസരണം ഓർഡർ അനുസരിച്ചു ഏതുനീളത്തിലും ഏതുതൂക്കത്തിലും കൊടുക്കുന്നതും ആണ്.

മാനേജർ,

തിരുഹൃദയഡിപ്പോ,

എറണാകുളം.

DHARMARAM COLLEGE LIBRARY,
15662
BANGALORE.



വിശുദ്ധ ബെർണ്ണദീത്താ.

# കുടുംബദീപം.

## INDEX TO VOL. IV.—1933.

## നാലാം പുസ്തകത്തിൻ്റെ

### അകാരാദി വിഷയസൂചി.


| | |
|---|---|
| അജ്ഞാത അശ്വാരൂഢൻ ഒരു | 201. |
| അന്ത്യയാത്ര | 60. |
| അഭ്യർത്ഥനാഞ്ജലി | 274. |
| അവരെ വിരോധിക്കരുത് | 17. |
| ആണ്ട് ഹെലൻ്റെ കത്തുകൾ | 117, 148, 185, 213, 248, 278, 344, 377. |
| ആധുനികലോകവും രാജതന്ത്രജ്ഞന്മാരും | 297. |
| ആത്മാവിൻ്റെ കൃതജ്ഞത ഒരു | 207. |
| ആരോഗ്യപംക്തി | 25. |
| ആഹാരരസാംശങ്ങൾ | 251. |
| ഈശോ എന്ന മധുരനാമം | 13. |
| ഈശോമിശിഹായോടുള്ള പ്രായോഗികസ്നേഹം | 57, 140, 170. |
| ഉത്തമദൃഷ്ടാന്തം ഒരു | 55. |
| എന്തുകൊണ്ടു കത്തോലിക്കരാകുന്നില്ല | 339. |
| കാന്തസന്ദേശം | 307. |
| "കത്തോലിക്കൻ" | 272. |
| കത്തോലിക്കാസഭ | 300, 357. |
| കർത്തൃപ്രാർത്ഥന | 46. |
| കർഷകനും വേദാന്തിയും | 24. |
| കർമ്മലഭൂഷണം | 206. |
| കാലിഫിൻ്റെ വില്ല | 179. |
| കുരിശിൻ്റെ അടയാളം വി. | 82, 104. |
| കുരിശിൽ മാത്രമേ രക്ഷയുള്ളൂ | 51. |
| കുരിശിൻ്റെ കഥ ആ | 275. |
| കുറിപ്പുകൾ | 30, 62, 95, 126, 158, 190, 222, 255, 288, 318, 350, 383. |

| | |
|---|---|
| ക്രൂശിക്കപ്പെട്ട യേശു | 55. |
| ക്രിസ്തുമസ്സ് | 358. |
| ക്രിസ്തുമസ്സ് കരോൾ | 370. |
| ക്രിസ്തുമസ്സ് ഗീതി | 353. |
| ക്രിസ്തുമസ്സ് രാത്രി ഒരു | 360. |
| ക്രിസ്തുമസ്സിന്റെ സാരം | 1. |
| ക്രിസ്റ്റഫർ കൊളംബസ്സിന്റെ മരിയഭക്തി | 238. |
| ക്ലേശിതരുടെ അഭയം | 269. |
| ഗത്ത്സേമിനിത്തോട്ടത്തിൽ | 45. |
| ചെറുനാരങ്ങ | 314. |
| ചെറുപുഷ്പസ്തവം | 289. |
| ചെറുപുഷ്പവും സ്വഭാവസംസ്കാരവും | 107. |
| ചെറുസുമമേ! ശുഭമേകണം സദാ മേ | 368. |
| ജീവിതവിശുദ്ധി | 260. |
| ജൂബിലിവത്സരം | 78. |
| ഞാൻ കണ്ട ചിത്രം | 122. |
| തിന്മക്കുപകരം നന്മ | 240. |
| തിരുപ്പിറപ്പ് | 376. |
| തിരുഹൃദയഭക്തി | 161. |
| ത്രേസ്യാ വി. | 290. |
| ത്രേസ്യാ ന്യൂമാൻ | 5, 40, 71, 101. |
| ദീപത്തിലെ പുതിയ ചിത്രം | 74. |
| ദേവമാതാവിന്റെ സ്വർഗ്ഗപ്രാപ്തി | 225. |
| ദൈവജനനിയുടെ മാതാവായ വി. അന്നാ | 193. |
| ദൈവമാതാദർശനം | 284. |
| ദൈവവും സാമ്പത്തികാധഃപതനവും | 175. |
| നിസ്സാരവസ്തുക്കളുടെ വില | 152. |
| പഞ്ചാംഗം | 32, 64, 96, 128, 160, 192, 224, 256, 320, 352, 384. |
| "പലതുള്ളി പെരുവെള്ളം" | 136. |
| പുഞ്ചിരിപ്പഞ്ചരം | 61. |
| പുതിയ പുസ്തകങ്ങൾ | 317. |
| പൂട്ടപ്പെടാത്ത വാതിൽ | 243. |

പൊതുനിയോഗം 189, 219, 287, 349, 380.
പ്രാൎത്ഥനാഗീതി 33, 65, 97, 161.
പ്രാൎത്ഥനാഞ്ജലി 157.
പ്രാൎത്ഥനാമഞ്ജരി 228.
ഫാദർ മാട്ടിൻെറ കഥ 323.
ഫ്രാൻസിസ്സും വൈദികരും വി. 321.
ഭാഗ്യവതിയായ ഇമെൽദാ 257.
മംഗളമാല 169, 199, 296.
മണൽത്തരി ഒരു 87.
മദ്യപാനം 244.
മനമേ മയങ്ങിടൊല്ലാ 237.
മനുഷ്യരുടെ മറവി 196.
മരണം 145.
മാതാപിതാക്കന്മാരോട് 9, 308.
മാതാവിൻെറ മക്കൾ 130.
മാതാവു സ്വപുത്രനു അയച്ച സന്ദേശം ഒരു 302.
മാൎപ്പാപ്പാ തിരുമനസ്സിലെ തിരുവെഴുത്ത് 132.
മാതൃസ്തവം 193.
മുറിവിനു ചികിത്സ 220.
മൂന്നാം രംഗം 264.
യുക്തിപൂൎവ്വമായ ഒരു മറുപടി 218.
യോഗീശ്വരന്മാർ രണ്ടു 89.
ലൂർദ്ദുമാതാവ് 33, 66.
ലൊറന്തിയോസ് വി. 230.
വിദ്യാൎത്ഥികളുടെ ചുമതലകൾ 282, 312, 347.
വി. വത്സരവും കേരളീയ കത്തോലിക്കാ സമുദായമണ്ഡലവും 233.
വൈദിക വിദ്വേഷികൾ 293.
ശുദ്ധീകരസ്ഥലം 330.
ശ്രീ. മേരീസ്തവം 225.
സകല വിശുദ്ധന്മാർ 343.
സംഭാഷണം 210.
സൂക്തങ്ങൾ 380.
സഹോദരന്മാർ രണ്ടു 153.

| | |
|---|---|
| സെൻറ് അൻറണിയും ഉണ്ണിമിശിഹായും | 355. |
| സെയിൻറ് അൻറണിയുടെ ധർമ്മസമരം | 164. |
| സെൻറ് വിൻസൻറ് ഡി. പോൾ സൊസൈററി | 27. |
| സെറാഫിനായുടെ ഭാഗ്യാസ്നേഹം | 335. |
| സ്നേഹാധിക്യത്താൽ നെഞ്ഞ് പൊട്ടി | 97. |
| റഷീരാരാജാവിൻെറ നീതിനടത്തൽ | 111. |
| റൂഹാദക്കുദശാസ്തവം | 129. |

## The Corrupting Press.

The most religious people in the world, the most submissive to authority, if they only read bad newspapers will at the end of thirty years become a nation of unbelievers and rebels. Humanly speaking, no preaching can hold its own against a corrupt press.

— Cardinal Pie.

# കുടുംബദീപം.

പുസ്തകം ൫. } ജനുവരി നമ്പർ { ലക്കം ൧.

## മംഗളം.

തന്നാൽത്താ, നശരീരി, സർവ്വദിശിയും വ്യാപിച്ച മാഹാത്മ്യമോ-
ടാദ്യന്ത്യങ്ങളെഴാതെ വാഴുമമലൻ, കാരുണ്യവാരാന്നിധി,
ലോകം മൂന്നുമതിങ്കലുള്ള സകലത്തേയും രചിച്ചോൻമുദാ
രക്ഷിപ്പോ, നവമേഹരിക്കുവതിനും പ്രാപ്യൻ ശുഭം നല്കണം.

പുതുവത്സരമംഗളത്തിനാല്യം
പുതുജീവപ്പൂവിയാല്യമുജ്ജ്വലാഭം
ചതുരോത്സവചാതുരിക്കിണങ്ങും
വിധമീദീപിക ദീപ്തിയാർന്നിടട്ടെ.

— ആൻറണി തൊകലത്തു്.

---

## ദനഹാത്തിരുനാൾ.

ജനുവരി ആറാംതീയതിയാണല്ലോ തിരുസഭ, ദനഹാ അഥവാ എപ്പിഫനിത്തിരുനാൾ ആഘോഷിക്കുന്നതു. "ദനഹാ" എന്ന വാക്കിന് 'പ്രത്യക്ഷത' എന്നാണ് അർത്ഥം. നവജാതനായ ദിവ്യരക്ഷകൻ ഈ ദിവസത്തിൽ പുറജാതിക്കാർക്കു പ്രത്യക്ഷനായതുകൊണ്ടാണ് ഈ ദിനത്തിനു ഈ നാമം ലഭിച്ചതു്. പുറജാതിക്കാരുടെ ക്രിസ്തുമസ്സ് എന്നും ചിലയിടങ്ങളിൽ ഇതിനു പേരുപറഞ്ഞുവരുന്നുണ്ട്. ക്രിസ്തുമസ്സ് രാത്രിയിൽ അവിടുന്നു സ്വജാതീയരും സ്വദേശിയരുമായ യഹൂദന്മാർക്ക്-വിനീതരായ ആട്ടിടയന്മാർക്ക്-ആണല്ലോ പ്രത്യക്ഷനായതു്. "ഭൂമിയുടെ പ്രാന്ത്യങ്ങൾ" അവിടുത്തേതും, ഓരോജാതിയിലുമുള്ള എല്ലാമനുഷ്യരും "അവിടുത്തെ മേച്ചൽസ്ഥലത്തിലെ" ആടുകളുമത്രെ. യൂദാരാജ്യത്തിന്റെ അതിർത്തികൾക്കു പുറത്തു നിവസിക്കുന്ന പുറജാതിക്കാർ നമ്മുടെ ദിവ്യരക്ഷകന്റെ മനുഷ്യവതാരത്തിന്റെ സ

ന്തോഷവാൎത്ത അറിയേണ്ടവരും നിത്യവും ഫലഭൂയിഷ്ഠവുമായ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകേണ്ടവരും ആയിരുന്നല്ലൊ. തന്നിമിത്തമാണ് അവിടുന്ന് അവരുടെ പ്രതിനിധികൾക്കും പ്രത്യക്ഷനായത്.

ഈ "പ്രത്യക്ഷത"യുടെ സാഹചര്യങ്ങളെപ്പറ്റി സുവിശേഷത്തിൽ വിവരിച്ചിട്ടുണ്ട്. പൂൎവ്വദിക്കിലെ വിദ്വാന്മാരായ രാജാക്കന്മാർ പുറപ്പെട്ട പേൎഷ്യാരാജ്യം അക്കാലത്തു ഒരു പരിഷ്കാരകേന്ദ്രമായിരുന്നു. കൂടാതെ ആ ഭാഗങ്ങളിൽ താമസിച്ചിരുന്ന യഹൂദന്മാർ തങ്ങൾ പ്രതീക്ഷിച്ചിരുന്ന വലിയവനായ മ്ശിഹായെപ്പറ്റിയുള്ള വിവരങ്ങളും അവിടെ അറിയിച്ചിരുന്നിരിക്കണം. മാത്രമല്ല പഴയ നിയമത്തിലെ ദീൎഘദൎശനങ്ങളെപ്പറ്റി അറിവുണ്ടായിരുന്ന പണ്ഡിതന്മാരും അവിടെ ഉണ്ടായിരുന്നിരിക്കാം. 'അവെസ്ത' എന്ന പേൎഷ്യാക്കാരുടെ വേദപുസ്തകത്തിലെ ചില കീൎത്തനങ്ങളിൽ ഭൂമുഖത്തെ നവീകരിക്കുകയും പാപമാലിന്യത്തെ ദൂരീകരിക്കുകയും ചെയ്യുന്ന ഒരു ഭാവിപരിത്രാതാവിലുള്ള അവരുടെ പ്രതീക്ഷയെ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ടു ആ ഭാഗങ്ങളിൽ ഒരു അസാധാരണ നക്ഷത്രം പ്രത്യക്ഷമായപ്പോൾ അവിടത്തെ ചില ജ്യോത്സ്യന്മാർ അതു് നവജാതനായ മ്ശിഹായെ ചെന്നു ആരാധിക്കുന്നതിനുള്ള ഒരു ക്ഷണമാണെന്നു മനസ്സിലാക്കി. അവരുടെ പടിഞ്ഞാറോട്ടുള്ള യാത്ര ആകസ്മികമായ ഒന്നായിരുന്നില്ല. "ശിശു തന്റെ അമ്മയായ മറിയത്തോടുകൂടെയിരിക്കുന്ന സ്ഥലത്തേയ്ക്കു" അത്ഭുതകരമാംവണ്ണം അവർ ആനയിക്കപ്പെടുകയും അവർ അവിടെ പ്രവേശിച്ചു രാജകീയദാനങ്ങൾ സമൎപ്പിക്കുകയും ചെയ്തു. അവർ അവിടെ കണ്ടതായ രക്ഷണത്തിൽ സന്തോഷിച്ചുകൊണ്ടു സ്വരാജ്യത്തിലേക്ക് മടങ്ങി.

കത്തോലിക്കാ വിശ്വാസം സ്വീകരിച്ചിരിക്കുന്നവരായ നമുക്ക് രക്ഷിതാവിനെ ആരാധിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമുള്ള ഒരു അത്ഭുതകരമായ ക്ഷണം സിദ്ധിച്ചിട്ടുണ്ട്. പേൎഷ്യൻ ശാസ്ത്രികളെപ്പോലെ നമ്മളും ആ ക്ഷണം സ്വീകരിക്കുന്നതിൽ

വിശ്വസ്തന്മാരായിരുന്നെങ്കിൽ !

ഈ പ്രത്യക്ഷമായ ക്ഷണത്തെ അനുസരിക്കുന്നതിനുള്ള അവരുടെ ഔത്സുക്യം അനന്യസാധാരണമായിരുന്നു. "ഞങ്ങൾ അവിടുത്തെ നക്ഷത്രം കിഴക്കു കാണുകയും ഞങ്ങൾ വരികയും ചെയ്തു." അവർ സംശയിക്കയോ താമസിക്കയോ ചെയ്തില്ല. അവർ താമസിച്ചിരുന്നുവെങ്കിൽ ഈശോ ഈജിപ്തിലേക്കു പലായനം ചെയ്കയും അവർക്ക് അങ്ങേ കാണാൻ ഇടവരികയും ചെയ്കയില്ലായിരുന്നു. ദൈവത്തിന്റെ ക്ഷണത്തെ അനുസരിക്കുന്നതിനുള്ള നമ്മുടെ വലിയ അലസത എത്രയൊ ആക്ഷേപാർഹമായിട്ടുള്ളതാകുന്നു. "ഈശോയുടെ യാത്ര എന്നിൽ ഭീതിയുളവാക്കുന്നു" എന്നത്രെ വി. ആഗുസ്തീനോസു എപ്പിഫനിയെപ്പററി എഴുതിയിരിക്കുന്നത്.

രാജാക്കന്മാർ ഈ അസാധാരണ നക്ഷത്രത്തെ അനുഗമിച്ചതു് വലിയ ശുഷ്കാന്തിയോടു കൂടിയായിരുന്നു. അവർക്ക് എത്തേണ്ട സ്ഥലം വിദൂരവും സഹിക്കേണ്ട ക്ലേശങ്ങൾ വിവിധങ്ങളുമായിരുന്നു. അവർക്ക് നദികൾ നീന്തുന്നതിനും മലകൾ കടക്കുന്നതിനും മരുഭൂമിയിലെ അത്യുഷ്ണം സഹിക്കുന്നതിനും ആവശ്യമുണ്ടായിരുന്നു. തസ്കരന്മാരുടെ ഇടയിൽനിന്നും അനുകമ്പാരഹിതരായ അപരിചിതന്മാരിൽനിന്നും രക്ഷ പ്രാപിക്കുന്നതിന് അവർക്ക് യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. ലൌകിക ആദായങ്ങളൊ സ്നേഹിതന്മാരുടെ ഉപദേശങ്ങളൊ അവരുടെ സദുദ്യമത്തിൽനിന്നും അവരെ പിന്മാററാൻ ശക്തങ്ങളായിരുന്നില്ല. ദൈവനിശ്ചയമറിഞ്ഞപ്പോൾ അവർ തങ്ങളുടെ സുഖത്തേയും സന്തോഷത്തേയും രക്ഷയേയും ആദായത്തേയും പരിത്യജിച്ചു. ദൈവഭക്തരായ അവർ ദൈവത്തിന്റെ ക്ഷണമനുസരിച്ചു നക്ഷത്രത്തെ അനുഗമിക്കുകയും ദൈവഭവനത്തിൽ എത്തി ഈശോയേയും മറിയത്തേയും ദർശിച്ചപ്പോൾ ആത്മരക്ഷ പ്രാപിക്കുകയുംചെയ്തു. ഇതു നമുക്കും അനുകരണീയമല്ലയൊ ?

ഈ രാജപ്രമുഖന്മാർ വെറുംകൈയായിട്ടാണോ വന്നതു് ? ക്രിസ്തുരാജന് അനുയോജ്യമായതും അവരുടെ ഭക്തിക്ക് അനുരൂ

ല്യമായതുമായ ദാനങ്ങളാണു അവർ കൊണ്ടുവന്നിരുന്നത്. ഈ പ്രകൃതത്തിലും നാം അവരെ അനുകരിക്കേണ്ടിയിരിക്കുന്നു. ഭൂതാത്മകങ്ങളായ ദാനങ്ങളേക്കാൾ ആദ്ധ്യാത്മികങ്ങളായ വസ്തുക്കളെയാണു പൊന്നും കുന്തുരുക്കവും മീറയും സദൃശീകരിക്കുന്നതു്. സ്വർണ്ണം നല്ല നിയോഗത്തിന്റെ അതുല്യമായ വിലയേ സദൃശീകരിക്കുന്നു. ഈ ആണ്ടിന്റെ ആരംഭത്തിൽ നാം രക്ഷിതാവിനു സമർപ്പിക്കേണ്ട ദാനം ഇതുതന്നെയാണ്. കത്തുന്ന കുന്തുരുക്കത്തിന്റെ പരിമളം പ്രാർത്ഥനയേയാണ് ലക്ഷീകരിക്കുന്നതു്. ഈ ആണ്ടിന്റെ തുടക്കത്തിൽ പ്രാത്ഥനയെത്തന്നെ നാം ശരണം പ്രാപിക്കണം. കൈപ്പുള്ള മീറ, കൈപ്പുള്ളതെങ്കിലും രക്ഷയെ പ്രദാനംചെയ്യുന്ന ആശാനിഗ്രഹത്തെ പ്രത്യക്ഷീകരിക്കുന്നു. ഈ ദാനവും നാം ദൈവത്തിനു സമർപ്പിക്കണം. രാജാക്കന്മാർ ചെയ്തതുപോലെ നാം ദൈവവിളി അനുസരിക്കുന്നുവെങ്കിൽ അവക്ക് ലഭിച്ചതുപോലെ നിത്യരക്ഷ നമുക്കും പ്രാപിക്കാവുന്നതാണ്.

— ററി. എം.

# പുൽക്കൂട്ടിലെ ദിവ്യശിശു.

(ജോസഫ് വള്ളിപ്പാടൻ, ഇടപ്പള്ളി.)

കേക.

വിചിത്രോത്സവപൂരം വിശിഷ്ടം വിളങ്ങീടും
വിശ്രുതതമം പുൽക്കൂടിതേററം സമത്ഥം താൻ.
ലോകത്തിന്നിതുൽകൃഷ്ടം ക്ഷേമത്തിൻ പ്രഭാവമാം
പാത്താലും പുൽക്കൂടൊന്നിങ്ങാമോദത്തോടെ പാരം.
നാനാവർണ്ണ പുഷ്പങ്ങൾ ശോഭിക്കും ലതാവലി
നാനാഭാഗങ്ങളേയും പച്ചപ്പട്ടുടുപ്പിപ്പൂ.
പുഷ്പസൗരഭ്യമെങ്ങും അശ്ശുഗൻ പരത്തുന്നു.
വല്ലി തൻ പടപ്പിന്റെ മമ്മരോത്സവതാളം.

ആയതിൽ കൂടിപ്പാക്കും പൈങ്കിളി ഗണത്തിന്റെ
കീർത്തനസ്തുതിഘോഷത്തിന്നെഴും താനമാവാം.
ഹൃദയത്തിന്നാനന്ദമരുളും കളകൊഞ്ചൽ
പ്രകൃതിക്കേഴുന്നോരു കൗതുകം വർദ്ധിക്കയോ!
ആടുമാടുകൾ പാർക്കും പുൽക്കൂടിപ്പുകംതന്നിൽ
ചേറു തിങ്ങിടുംകൂട്ടമെത്ര പ്രാകൃതം പാർത്താൽ
ചാണകം തൃണം വയ്ക്കോലെന്നിവയതിലെങ്ങും
ഏറെയുണ്ടിതാ കാൺമൂ; വൃത്തിയെങ്ങനെയിഹ!
കാലിതൻ തൊഴുത്തിങ്കൽ പാതിരാസമയത്തിൽ
വേണ്ടിവന്നൊരുദീപാഭാവത്തെയകററാനോ
അംബരതലത്തിങ്കൽ താരകപരിവാര-
മൊത്തിതാ കുളിർതിങ്കൾ വന്നു പുഞ്ചിരി തൂവി.

പുണ്യവാരിധി 'യൗസേപ്പ്'ന്യ ചിന്തതീണ്ടാതെ
ധന്യപ്രേയസിയാകും 'ശ്രീമേരി'യോടുകൂടി
ദിവ്യാംഘ്രി നിലത്തൂന്നി, കൈ കൂപ്പി, വണക്കമായ്
ആനമ്രവദനരായ് ലോകേശനെ പ്രാർത്ഥിച്ചു.

പക്ഷിസഞ്ചയമേററം മെച്ചമാം കളരാഗ-
ഗാനമാലാപിക്കുന്നു മർമ്മരം ഘോഷിക്കുന്നു.
അന്ധകാരമാമാപത്തൊത്രയും വിദൂരത്തിൽ
തിങ്കൾതൻ വരവിങ്കൽ തീരെച്ചകിതമായി.
അത്തവ്വിൽ താരകേശൻ ധാവള്യകരമോടി
പൂരിച്ചു കുളിർസ്മിതം പുഷ്ടാനന്ദം പൊഴിച്ചു.
ഈ മട്ടിൽ പ്രകൃതിതന്നോരോ ശക്തിയും നന്നായ്
നേരത്തേ വണക്കത്തിന്നെത്രയുമൊരുങ്ങുന്നു.

എന്തുവാനതിശയ സംഭവമിതുനേരം
സംഭവിപ്പതെന്നേവം ചിന്ത്യമായിതുലോകേ!
അത്ഭുതാവഹം സാക്ഷാൽ സച്ചിദാനന്ദദേവൻ
ചിൽപ്രഭൻ പരനവതീർണ്ണനായ് മനുഷ്യനായ്.
അമൂല്യതരശ്രേഷ്ഠമതുല്യം മഹാശ്വര്യം
വളർത്തും സ്ഥിതി വസ്തുവകളൊന്നാകാഞ്ഞിട്ടോ!
ഇളമ്പുല്ലണിമെത്ത; ഉപധാനമോ, വയ്ക്കോൽ!
ഇതേമട്ടിലോരോന്നായഹോ, നാഥനു കിട്ടി!!!

സ്നേഹവും ത്യാഗവും നാം വേണ്ടപോലറിഞ്ഞിടാൻ
മാതൃകാപരമായ് കാട്ടുന്നിതിക്കിശോരകൻ.
ഈ വന്ദ്യ പുണ്യദ്വയം കൊണ്ടല്ലാതിഹ ജയം
നേടാനായെല്ലതല്ലീരണ്ടുംതാൻ മഹായുധം
വിനയംകൊണ്ടുയച്ച്യെവനും കൈവന്നിടും
ഒഴുകും ജലം നിമ്നതലത്തേയ്ക്കിതു നൂനം.
മഹാദർശം പ്രസ്പഷ്ടമഹോ നൽകി, സാധുവായ്
സുരക്ഷസ്സുദിച്ചോരു സുരേശൻ സർവ്വസാക്ഷി.
പ്രളയസ്ഥിതിസർഗ്ഗമിവ മൂന്നിനും കർത്താ-
വഖിലൈകസനാഥൻ ശുഭദൻ 'യേശു'ദേവൻ
മംഗള മനോഹരൻ തുംഗദൈവികാകാരൻ
നന്മസാഗരൻ സാക്ഷാൽ ദൈവംതാൻ തൃണക്കൂട്ടിൽ
ഭാവുകകരപാദപല്ലവമിളക്കിയും
സോമശ്രീയൊളിച്ചീടും പൂവൽ പുഞ്ചിരിയാനും
തൂവെള്ളിപ്രഭാവത്തെപ്പാരാകെപ്പുലത്തുന്നി-
ദൈവികപ്രഭാപുഞ്ജം സ്വര്ഗ്ഗൈക മണിദീപം
ഇദ്ദീപം സത്യദീപം; ജീവൻതാനിതും; മാർഗ്ഗ-
മിദ്ദീപം നരക്കെന്നും രക്ഷാസങ്കേതമത്രേ.
ആനന്ദാശ്രു തൂവിക്കൊണ്ടാനമ്രമുഖരായും
ഈയുണ്ണിത്തിരുച്ചെമ്പൊൽത്താർപ്പാദസവിധത്തെ
പ്രാപിച്ചീടുക, ലോകം ആരാധിക്കുക, ഭക്ത്യാ
യാചിച്ചീടുക, ഭാഗ്യം മോചിച്ചീടുക, പാപം.

# കത്തോലിക്കാ സഭ.

II (Cont.)

Fr. John Berchmans.

b. എന്നാൽ മിശിഹാ ദൈവത്തിൻെറ പ്രതിപുരുഷനും ദൈവപുത്രനുമാണെന്നു സ്ഥാപിക്കുവാൻ മേല്വരിച്ച വിധം വാങ്മൂലമുള്ള സാക്ഷ്യങ്ങൾ മാത്രമല്ല നമുക്കു ലഭിച്ചിട്ടുള്ളതു. ദൈവ

ത്തിന്റെ ശക്തികൊണ്ടുമാത്രം ചെയ്യപ്പെടാവുന്ന അനേകം അത്ഭുതങ്ങൾ പ്രവൎത്തിച്ചുകൊണ്ടു ഈശൊ ലോകസമക്ഷം അവിടത്തെ വാദം പ്രമാദരാഹിത്യസമേതം ഉറപ്പിക്കയും ചെയ്തിരിക്കുന്നു. "ഞാൻ ചെയ്യുന്ന പ്രവൎത്തികൾ തന്നെ പിതാവു എന്നെ അയച്ചു എന്നു സാക്ഷ്യം വഹിക്കുന്നു" (യോഹ ൫ ൩൬) എന്നാണു അവിടന്നു പ്രസ്താവിക്കുന്നതു. ഇതിലേക്കുള്ള തെളിവുകൾ ചുവടെ കാണിക്കുന്നു.

൧) സ്നാപകയോഹന്നാന്റെ ശിഷ്യർ ഈശോയുടെ പക്കൽ വന്നു "വരുവാനിരിക്കുന്നവൻ അങ്ങു തന്നെയാകുന്നൊ? അതൊ ഞങ്ങൾ വേറൊരുത്തനെ പാൎത്തിരിക്കണമോ?" (ലൂക്ക ൭ ൨൦) എന്നു ചോദിച്ചു. ഈശോ അതിനു പ്രത്യുത്തരം നല്കിയതു ഇപ്രകാരമാണു. "നിങ്ങൾ പോയി നിങ്ങൾ കേട്ടതും കണ്ടതും യോഹന്നാനെ അറിയിക്കുവിൻ. കുരുടന്മാർ കാണുന്നു, മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധീകരിക്കപ്പെടുന്നു, ചെകിടന്മാർ കേൾക്കുന്നു, മരിച്ചവർ വീണ്ടും ഉയിൎക്കുന്നു, സാധുക്കൾക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു." (ടി ൭. ൨) ഏശായാ (അ. ൩൫) തുടങ്ങിയുള്ള ദീൎഘദൎശികൾ വരുവാനിരിക്കുന്ന രക്ഷനാഥനെപററി പറഞ്ഞിട്ടുള്ള ദൈവിക പ്രവൃത്തികളുടെ ലക്ഷണോക്തികൾ എല്ലാം തന്നിൽ നിറവേറിയിരിക്കുന്നതിനാൽ, വാക്കുകളെക്കാൾ പ്രവൃത്തികൾകൊണ്ടു താൻ യഹൂദന്മാർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ സ്ഥാനപതിയാകുന്നു എന്നും, ഇനി അവർ വേറൊരുത്തനേയും പ്രതീക്ഷിക്കണ്ടായെന്നും ഈശൊ ഇവിടെ തെളിയിക്കുന്നു.

൨) വീണ്ടും, മ്ശിഹാ തന്റെ പ്രസിദ്ധ ജീവിതത്തിന്റെ ആദ്യവൎഷം ഓറശ്ലേമിൽവെച്ചു പ്രവൎത്തിച്ച അത്ഭുതങ്ങൾ കണ്ടു യൂദന്മാരുടെ ഇടയിൽ മഹനീയപദം പ്രാപിച്ചിരുന്ന നിക്കോദെമൂസു അവിടത്തെ പക്കൽ ചെന്നു "ഗുരോ, അങ്ങു ദൈവത്തിൽനിന്നു വന്നിട്ടുള്ള ഉപദേഷ്ടാവാണെന്നു ഞങ്ങൾ അറിയുന്നു. എന്തുകൊണ്ടെന്നാൽ നീ ചെയ്യുന്ന അത്ഭുതങ്ങൾ ദൈവം തന്നോടുകൂടിയില്ലെങ്കിൽ യാതൊരു മനുഷ്യനും ചെയ്യുവാൻ സാധിക്കയി

ല്ല." (യോ. ന. വ) എന്നു പറഞ്ഞുകൊണ്ടു അത്ഭുതങ്ങളുടെ പ്രാമാണ്യത്തെ ആദരിച്ചു മിശിഹായുടെ ശിഷ്യപ്പെടുന്നു.

ന) പിന്നെയും, ഈശോ ഒരു തളർവാതക്കാരനോടു അവന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞപ്പോൾ, സപ്രേന്മാർ അതു ദൈവദൂഷണക്കുറമായി ഈശോയുടെമേൽ ആരോപിച്ചു. അവിടുന്നു മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങൾ മോചിപ്പാൻ അധികാരമുണ്ടെന്നു അവർ അറിവാനായി ആ തളർവാതക്കാരനോടു: "നീ എഴുന്നേററു നിന്റെ കട്ടിൽ എടുത്തു വീട്ടിൽ പോവുക എന്നുപറഞ്ഞു. അവൻ എഴുന്നേററു അവന്റെ വീട്ടിലേക്കു പോവുകയും ചെയ്തു." (മത്ത. ൻ) ഇതിൽനിന്നു പാപങ്ങൾ മോചിക്കുവാൻ ദൈവത്തിനുള്ള അധികാരം മിശിഹാ പ്രയോഗിച്ചതു ദൈവദൂഷണമല്ലാ, അവിടുത്തെ അവകാശമത്രെയെന്നു നവമായ വേറൊരു ദൈവിക പ്രവൃത്തികൊണ്ടു ഈശോ അനിഷേധ്യമായി തെളിയിക്കുന്നു.

ർ) കൂടാതെയും, ജനസാമാന്യത്തെപററി പറകയാണെങ്കിൽ "ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളെ കണ്ടു വളരെപേർ അവിടുത്തെ നാമത്തിൽ വിശ്വസിച്ചു." (ടി. വ. വന) എന്നു എഴുതപ്പെട്ടിരിക്കുന്നു.

ൡ) ഇപ്രകാരം മിശിഹാ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നതു കണ്ടു യഹൂദന്മാരെല്ലാവരും അവിടത്തെ പേരിൽ വിശ്വസിക്കുമെന്നും, തങ്ങളെ അനുഗമിപ്പാൻ ആരും ഉണ്ടാകയില്ലന്നും അവിടുത്തെ ജന്മശത്രുക്കളായ സപ്രേന്മാരും പ്രീശന്മാരും മുറവിളിക്കുട്ടുന്നു. "നാം എന്തു ചെയ്യുന്നു. ഈ മനുഷ്യൻ വളരെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. നാം അവനെ ഇപ്രകാരം വിടുന്നതായിരുന്നാൽ എല്ലാ മനുഷ്യരും അവനിൽ വിശ്വസിക്കും." (യോഹ. ൧൧. ർ൭, ർ൮)

ന്ദ) ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളുടെ സ്വഭാവത്തെപ്പററി ചിന്തിക്കയാണെങ്കിൽ സൃഷ്ടലോകവും അതിന്റെ ശക്തികളൊക്കെയും അവിടുത്തെ ആജ്ഞകൾക്കു വിധേയങ്ങളായിരുന്നെന്നു സ്പഷ്ടം തെളിവാകുന്നു. ക്ഷോഭിച്ചിരുന്ന കടലലിനെ

യും കൊടുങ്കാററിനെയും അവിടുന്നു ആജ്ഞാപിച്ചു ശാന്തമാക്കുന്നു. അപ്പവും മീനും ആശീർവ്വദിച്ചു പെരുക്കി അനേകസഹസ്രം ആളുകൾക്കു സമൃദ്ധിയായി ഭക്ഷണം നല്കുന്നു. മുപ്പത്തെട്ടു വഷം തളർവാതം ബാധിച്ചു കിടന്നിരുന്നവനെ ഒരു വാക്കുകൊണ്ടു സ്വാസ്ഥമാക്കുന്നു. വിദൂരസ്ഥലത്തിൽ മരണാസന്നനായിരുന്ന കുട്ടിയെ സുഖപ്പെടുത്തുന്നു. കുഷ്ഠവ്യാധി ശുദ്ധമാക്കുന്നു. കുരുടന്മാർക്കു കാഴ്ച നല്കുന്നു മൃതന്മാരെ ഉയിപ്പിക്കുന്നു. ചുരുക്കി പറയണമെങ്കിൽ, സുവിശേഷ സാക്ഷ്യം അനുസരിച്ചു, "വിവിധ രോഗങ്ങളാലും പിശാചുക്കളാലും പീഡിതരായിരുന്നവരെ അവിടുത്തെ പക്കൽ കൊണ്ടുവരികയും അവിടുന്നു ഓരോരുത്തരുടെമേലും തൃക്കരം വെച്ചു സുഖപ്പെടുത്തുകയും ചെയ്തിരുന്നു." അവിടുത്തെ പക്കൽ അഭയം പ്രാപിച്ചിട്ടുള്ള ഒരു നികൃഷ്ടനെയും ആ ദീനബന്ധു നിരാശയിൽ മടക്കി വിട്ടിട്ടില്ല.

അത്ഭുതങ്ങളുടെ വിപുലമായ ഈ സംഭവങ്ങൾ പൈശാചിക കൃത്യങ്ങളെന്നോ, മായാവിദ്യകളെന്നോ, "മെസ്മർ" തന്ത്രങ്ങളെന്നോ യുക്തിഭംഗം കൂടാതെ ഒരുത്തനും വാദിക്കുവാൻ സാദ്ധ്യമല്ല.

൧) ഇതിനാൽ മിശിഹാ ന്യായപൂർവ്വം യഹൂദന്മാരോടും അവർ വഴി സർവ്വലോകത്തോടും ഇപ്രകാരം പ്രസ്താവിക്കുന്നു. "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ട. എന്നാൽ ഞാൻ പ്രവർത്തിക്കുന്നു എങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കാതിരുന്നാലും, പിതാവു എന്നിലും ഞാൻ പിതാവിലും ആകുന്നുവെന്നു നിങ്ങൾ അറികയും വിശ്വസിക്കയും ചെയ്യുന്നതിനുവേണ്ടി ആ പ്രവൃത്തികളെ വിശ്വസിപ്പിൻ." (ടി. ൧൦. ൩൭, ൩൮)

മിശിഹാ പ്രവർത്തിച്ച ചില പ്രധാന അത്ഭുതങ്ങളെപ്പററി അടുത്ത ലക്കത്തിൽ പ്രതിപാദിക്കുന്നതാണ്.

# “കാലിത്തൊഴുത്തിലെ കൈക്കുഞ്ഞ്.”

(താരാട്ട്)

ജോൺ ജെ. കുന്നേൽ.

ചേലെഴും ബെത്‌ലഹംപുരേ — നന്നായ്
ചന്ദ്രികയുള്ളോരു രാത്രി
കാണാം കാലിത്തൊഴുത്തൊന്നി — ലോരു
ഏണാക്ഷി കൈക്കുഞ്ഞുമായി
വൃദ്ധനുണ്ടന്തികേയേക — നവൻ
സിദ്ധൻ; തോഷാബ്ധി നിമഗ്നൻ
ബാലാർക്കബിംബസമാന — നാകു
മീബാല സൂനുവിതേതോ ?

അജ്ഞാനാന്ധകാരം നീക്കാൻ — വന്ന
വിജ്ഞാനദീപപ്രഭയോ
ആത്മാവിൻ രോഗാൽ വലയും — മർത്ത്യ
ർക്കുത്തമ ഔഷധസത്തോ
കന്മഷഭാരത്തെ താങ്ങാ — നുള്ള
നിർമ്മലമാമത്താണിയോ
അത്തലിൻ്റാഴിയാം മന്നിൽ — മിക്കു
യെത്താതെ കേഴുന്നവർക്കായ്
സുസ്ഥിരമാം പാറക്കല്ലിൽ — തീർത്ത
നിസ്തുല ദീപസ്തംഭമോ
ഭവ്യപരിമളം വീശും — നല്ല
ദിവ്യപനിനീർപ്പൂസത്തോ

പാപതമസ്സിൽ നൽമാർഗ്ഗം — തെററി
പോവോർക്കു മാർഗ്ഗദർശിയോ ?

× × × × × ×
× × × × × ×

ഉന്നതത്തിൽ ദൈവസ്തുതി — യിങ്ങു
നന്മനസ്സുള്ളോർക്കു തൃപ്തി.........
ദ്യോവാസികളേവം പാടി — വാഴ്ത്തും
ഗോശാലവാസിയാമിവൻ
പണ്ടേ പ്രവാചകർ ചൊന്നി — ട്ടുള്ള
യാണ്ടവനേശുമഹേശൻ

മർത്ത്യനായ് നിത്യൻ പിറന്നീ—പ്പാരിൽ
മർത്ത്യക്കു ഖിന്നത തീർന്നു.
രാജാധിരാജസ്സുതനെ—പ്പേറാൻ
രാജോചിതംമ്മ്യങ്ങളില്ലേ!!
ബാലചന്ദ്രനാമാക്കഞ്ഞേ—താങ്ങും
മംനമാമപ്പാണി ശ്രേഷ്ഠം
മുദേനിനക്കു കൈവന്നീ—ഭാഗ്യം
ബത് ലേഹമിൻേറതിൽ ശ്ലാഘ്യം.

## ആ ദൂതൻ ആരാണ്? *

(ഒരു യഥാത്ഥ സംഭവം.)

ഉദ്ദേശം ഇരുപതു കൊല്ലങ്ങൾക്കമുമ്പ് ഒരു മിഷ്യൻ ചാപ്പലിൽ ഞായറാഴ്ച ദിവസം കുബ്ബാന കഴിഞ്ഞു ഒരു വൈദികൻ തിരുവസ്ത്രങ്ങൾ അഴിച്ചുവെച്ചുകൊണ്ട് നില്ക്കവേ ചമയപ്പുരയിൽ ഒരു ബാലൻ കയറിവന്നു ഒരു തുണ്ട് കടലാസു അദ്ദേഹത്തിൻെറ മുമ്പിൽ വെച്ചതിൻെറശേഷം ഒരു വാക്കപോലും പറയാതെ തല കുനിച്ച് ആചാരം ചെയ്തതിൻെറശേഷം അവിടെനിന്നും ഇറങ്ങിപ്പോയി.

ആ കടലാസിൽ "ബെന്നിംഗ് റോഡിൽ പൈക്കിന് സമീപം മരണാസന്നനായ ഒരു രോഗി അച്ചനെ കാണാൻ ആവശ്യപ്പെടുന്നു" എന്ന് എഴുതിയിരുന്നു.

ആ നല്ല വൈദികൻ തിരുവസ്ത്രങ്ങൾ ഊരിവെച്ചതിൻെറശേഷം തന്നെ കാത്തുനില്ക്കുന്ന ബാലനെ കാണുന്നതിനായി വാതുക്കൽ ചെന്നു നോക്കി. അവിടെ രണ്ടുമൂന്നു യുവാക്കന്മാരെയല്ലാതെ മററാരേയും അദ്ദേഹം കണ്ടില്ല.

"കുറച്ചു മുമ്പ് ഒരു ബാലൻ ഈ വാതിൽ കടന്നു പോകുന്നതു് നിങ്ങളാരെങ്കിലും കണ്ടോ?" എന്ന് അദ്ദേഹം അവരോ

* ഇംഗ്ലീഷിൽനിന്ന്.

ട്ട് ചോദിച്ചു.

"ഇല്ല, അച്ചാ, ഞങ്ങൾ ഇവിടെ നില്ക്കുമ്പോൾ ആരും ഈ വഴിക്ക് കടന്നു പോയിട്ടില്ല." എന്നു അവരിൽ ഒരാൾ പറഞ്ഞു.

"നിങ്ങൾ ഇവിടെ വന്നിട്ട് എത്ര നേരമായി?"

"ഏകദേശം പതിനഞ്ചു മിനിട്ടിൽ കുറയുകയില്ല."

"നിങ്ങൾക്ക് നല്ല നിശ്ചയമുണ്ടോ?" എന്നു അദ്ദേഹം വീണ്ടും സംശയിച്ചുകൊണ്ട് ചോദിച്ചു.

"ഉവ്വ്, അതു തീർച്ചതന്നെയാണ്." എന്ന് ചിരിച്ചുകൊണ്ട് അവർ മറുപടി പറഞ്ഞു.

"എന്നെ കൊണ്ടുപോകാനായി അടുത്തു് എവിടെയെങ്കിലും ഒരു വണ്ടി വന്ന് കിടപ്പുണ്ടോ എന്നും എന്നെ പ്രതീക്ഷിച്ചു് വല്ലവരും അവിടെ നില്ക്കുന്നുണ്ടോ എന്നും ദയവായി ഒന്ന് അന്വേഷിച്ചാൽ കൊള്ളാം."

"അങ്ങനെ ചെയ്യാൻ ഞങ്ങൾക്ക് സന്തോഷമാണ്." എന്ന് പറഞ്ഞുകൊണ്ട് അവർ പോയി.

അഞ്ചെട്ട് മിനിട്ട് കഴിഞ്ഞപ്പോൾ അവർ മടങ്ങിവന്ന് അവിടെയെങ്ങും വണ്ടിയോ ആളോ ഇല്ലെന്ന് അറിയിച്ചു.

"ബെന്നിംഗ് റോഡിൽ പൈകിന് സമീപം ഒരു രോഗി കിടപ്പുള്ളതായി നിങ്ങൾക്കറിയാമോ?" എന്ന് വൈദികൻ ചോദിച്ചു.

അവിടെയോ സമീപത്തോ ആർക്കെങ്കിലും രോഗമുള്ളതായോ അവിടങ്ങളിൽ കത്തോലിക്കരുള്ളതായോ തങ്ങൾക്കറിവില്ലെന്ന് അവർ പറഞ്ഞു.

"കൊള്ളാം, ആ ഭാഗത്ത് ഒരു രോഗി എന്നെ കാണാൻ ആവശ്യപ്പെട്ടിരിക്കുന്നു. എന്റെ കുതിര വളരെ ക്ഷീണിച്ചിരിക്കുന്നുവെങ്കിലും ഒരു കോപ്പ കാപ്പി കുടിച്ചിട്ട് വേഗത്തിൽ അവിടെ എത്തണം."

ആ അച്ചൻ വേറൊരു സ്ഥലത്തു് അന്ന് കുർബ്ബാന ചൊല്ലിയതിൻെറ ശേഷമാണ് ഇവിടെ വന്നതു്. യുവാവോ ആരോ

ഗൃവാനോ അല്ലാത്ത അദ്ദേഹം ക്ഷീണിച്ച് മിക്കവാറും തളന്നിരിക്കുന്നു. അദ്ദേഹം അടുത്ത മുറിയിൽ ചെന്ന് അല്പം കാപ്പി മാത്രം കുടിച്ചതിൻെറശേഷം കുതിരപ്പുറത്ത് കയറി പക്ഷിവേഗത്തിൽ അതിനെ വിട്ടു.

അതിവേഗത്തിൽ യാത്രചെയ്തിട്ടും ഒരു മണിക്കൂർ കഴിഞ്ഞാണ് ആ സ്ഥലത്ത് എത്തിയത്. ബെന്നിംഗ് റോഡിൽ പൈക്കിന് സമീപം ഒരു വീട് മാത്രമേയുള്ളു. അതിൻെറ നടപ്പുരയിൽ രണ്ടു് ആളുകൾ ഇരിപ്പുണ്ടു്. അവർ ഭായ്യാഭത്താക്കന്മാരാണെന്ന് പ്രഥമ ദൃഷ്ടിയിൽത്തന്നെ അദ്ദേഹത്തിന് മനസ്സിലായി.

ആ നാട്ടിൽ ആ നല്ല വൈദികനെ പരിചയമില്ലാത്തവർ വളരെ ചുരുക്കമാണ്. കത്തോലിക്കരും അകത്തോലിക്കരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അടുത്ത് ചെന്നപ്പോൾ ആ ദമ്പതികൾ എഴുന്നേററ് ആചാരോപചാരങ്ങൾ ചെയ്തശേഷം അകത്തെ മുറിയിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടുപോയി.

കുറച്ചുനേരം സാധാരണ വത്തമാനങ്ങൾ പറഞ്ഞശേഷം ആ കുടുംബത്തിൽ വല്ലവക്കും സുഖക്കേടുണ്ടോ എന്ന് ആ വൈദികൻ ചോദിച്ചു.

"ഞങ്ങളുടെ കുടുംബത്തിൽ ഇപ്പോൾ ഞാനും ഭായ്യയും മാത്രമേയുള്ളു. ഞങ്ങളുടെ മക്കൾ വിവാഹാനന്തരം ഞങ്ങളെ വിട്ടുപോയി. അച്ചൻ കാണുന്നതുപോലെ ഞങ്ങൾക്ക് രണ്ടുപേക്കും നല്ല സുഖമാണ്." എന്ന് ചിരിച്ചുകൊണ്ട് ആ കഷകൻ മറുപടി പറഞ്ഞു.

"ഈ വീട്ടിൽ നിങ്ങളല്ലാതെ മററാരും ഇപ്പോൾ ഇല്ലേ ?"

"ഓ, ശരി; ഒരു വൃദ്ധൻ മുകളിലത്തെ മുറിയിൽ കിടപ്പുണ്ട്. രണ്ടാഴ്ച മുമ്പ് അദ്ദേഹം ഞങ്ങളുടെ വീട്ടിൻെറ മുൻവശത്ത് വന്നപ്പോൾ വീഴുകയും നിരാധാരനായ അയാളെ ഞങ്ങൾ ഇവിടെ താമസിപ്പിക്കുകയും ചെയ്തു. യാത്രാക്ലേശം നിമിത്തമുണ്ടായ ക്ഷീണംകൊണ്ടായിരിക്കാം അയാൾ ഇവിടെ വന്നപ്പോൾ വീണത്. അയാൾക്ക് വീടോ സ്നേഹിതന്മാരോ ഉള്ളതായി

അറിവില്ല. അയാൾക്ക് വിശേഷിച്ച് സുഖക്കേടൊന്നുമില്ലെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്."

"എനിക്ക് അയാളെ ഒന്ന് കണ്ടാൽ കൊള്ളാം."

"അതിനെന്താ അച്ചാ, അയാൾ ഏതു മതക്കാരനാണെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ അയാൾക്ക് അച്ചനെ കാണുന്നത് സന്തോഷമായിരിക്കും. ഞാൻ അച്ചനെ അയാളുടെ മുറി കാണിച്ചുതരാം."

അദ്ദേഹം വൈദികനെ മുകളിൽ കൂട്ടിക്കൊണ്ടുപോയി വൃദ്ധൻ കിടക്കുന്ന മുറിയിൽ ആക്കിയതിൻെറശേഷം ഇങ്ങനെ പറഞ്ഞു:

"മിസ്റ്റർ മാഹർ, ഇതാ നിങ്ങളെ കാണാൻ ഒരു വൈദികൻ വന്നിരിക്കുന്നു."

വൃദ്ധൻ കൈകുത്തി സാവധാനത്തിൽ എഴുന്നേററതിൻെറ ശേഷം സ്തുതി ചൊല്ലിക്കൊണ്ട് "ഓ, അച്ചാ; ഞാൻ ഇവിടെ കിടപ്പുള്ള വിവരം അച്ചൻ എങ്ങനെ അറിഞ്ഞു?" എന്ന് ചോദിച്ചു.

"നിങ്ങൾ എനിക്ക് ആളയച്ചിരുന്നല്ലൊ?"

"ഇല്ല, അച്ചാ, ഇവിടെ പറഞ്ഞയയ്ക്കുന്നതിനായി എനിക്ക് ഒരുത്തരുമില്ല. ഇവിടെ താമസിക്കുന്നവർ കത്തോലിക്കരല്ല. ഇവിടെ അടുത്തെങ്ങും പട്ടക്കാരുള്ളതായി എനിക്ക് അറിവുണ്ടായിരുന്നില്ല. ഞാൻ കുറെ നാളായി ഒരു അച്ചനെ കാണാൻ ആഗ്രഹിച്ചുകൊണ്ടിരിക്കയായിരുന്നു. അച്ചാ, ഞാൻ ഒരു കത്തോലിക്കനാണ്. ഞാൻ പള്ളിയിൽ പോകയോ കുമ്പസാരിക്കയോ ചെയ്തിട്ട് വളരെ നാളായി. എൻെറ പാവപ്പെട്ട അമ്മയുടെ മരണശേഷം അപ്പൻ പുനർവിവാഹം ചെയ്കയും എന്നെ പടിക്കു പുറത്ത് കടത്തുകയുംചെയ്തു. ഞാൻ എൻെറ മതവുമുപേക്ഷിച്ച് അലഞ്ഞുതിരിഞ്ഞ് നടന്നു. നാല്പതഞ്ചു കൊല്ലത്തോളം വളരെ ബുദ്ധിമുട്ടി ഒരുവിധത്തിൽ ഞാൻ കഴിഞ്ഞുപോന്നു. എൻെറ അമ്മ മരിക്കുമ്പോൾ എനിക്ക് പതിനഞ്ചു വയസ്സു പ്രായമുണ്ടായിരുന്നു. ഞാൻ അതിൽപിന്നെ പള്ളിയിൽ കയറിയി

ട്ടില്ല. ഇപ്പോൾ എൻെറ അവസാനം അടുത്തിരിക്കുന്നു. എൻെറ പാഴാക്കിയ ജീവിതത്തെപ്പററി എനിക്ക് വളരെ മനസ്താപമുണ്ട്. എനിക്ക് വല്ല ആശ്വാസം വഴിയുണ്ടോ? അച്ചൻെറ അഭിപ്രായമെന്താണ്? എനിക്ക് രക്ഷ കിട്ടുമോ?"

"എൻെറ മകനേ, ദൈവത്തിൻെറ കരുണയ്ക്ക് അതിരില്ല. നീ അവിടുത്തെ പക്കൽ തിരിച്ച് ചെല്ലുന്നതിനുമുമ്പുതന്നെ ഒരു ധൂർത്തപുത്രനേപ്പോലെ നിന്നെ സ്വീകരിച്ച് ആശ്ലേഷിക്കുന്നതിന് അവിടുന്ന് തയ്യാറായിരിക്കുന്നു. പാടുള്ളപോലെ ഒരു നല്ല പാപസങ്കീർത്തനം ചെയ്യുകയും അവിടുത്തെ കരുണയിൽനിന്ന് സമസ്തവും പ്രതീക്ഷിക്കയുംവേണം." വിചാരിച്ചതിലധികം ക്ഷീണം അയാൾക്കുണ്ടെന്ന് കാണുകയാൽ കുമ്പസാരത്തിനൊരുങ്ങുന്നതിന് ആ പട്ടക്കാരൻ അയാളെ സഹായിച്ചു. പിന്നീട് പൂർണ്ണമനസ്താപത്തോടുകൂടെ കണ്ണുനീർ ചിന്തിക്കൊണ്ട് അയാൾ പാപോച്ചാരണം ചെയ്തു.

ദൈവത്തിൻെറ അനന്തനന്മയാലും സാധുക്കളോടുള്ള അനുകമ്പയാലും പ്രേരിതനായ ആ നല്ല വൈദികൻ അനുതാപിയായ വൃദ്ധനെ ആശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി ചില സാന്ത്വനവചനങ്ങൾ പറഞ്ഞു. രോഗിക്ക് ക്ഷീണം വർദ്ധിച്ചിരിക്കുന്നതായി തോന്നുകയാൽ സമാധാനത്തിൽ ദൈവത്തോടുകൂടെ സംസർഗ്ഗം ചെയ്യുന്നതിനു ഉപദേശിക്കയും താൻ അടുത്ത ദിവസം രാവിലെ വി. കുർബ്ബാനയുംകൊണ്ട് വരുന്നതാണെന്നു പറയുകയുംചെയ്തതിൻെറ ശേഷം വൈദികൻ യാത്രയായി.

വൈദികൻ പുറത്തേക്കു ഇറങ്ങുകയിൽ, രോഗിയുടെ ഒരു നോട്ടത്തിൽനിന്നും തൻെറ വേർപാട് രോഗിക്കു ദുസ്സഹമാണെന്നു അദ്ദേഹം മനസ്സിലാക്കി. എന്നാൽ അദ്ദേഹം സന്തോഷത്തോടുകൂടെ: "സന്തോഷമായിരിക്കുക, ഞാൻ വേഗം മടങ്ങിവരും" എന്നു പറഞ്ഞു.

വൃദ്ധരായ ദമ്പതിമാരുടെ അടുക്കൽ ചെന്നു ആ രോഗി ഒരു കത്തോലിക്കനാണെന്നും അയാൾ ഒരു വൈദികനെ കാണാ

ൻ ആഗ്രഹിച്ചിരിക്കുമ്പോഴാണ് താൻ ചെന്നതെന്നും അവരെ ഉപദ്രവിക്കണ്ടെന്നു വിചാരിച്ചാണ് ആ സംഗതി അവരെ രോഗി അറിയിക്കാതിരുന്നതെന്നും താൻ രാവിലെ വരുന്നതാണെന്നും പറഞ്ഞതിൻെറ ശേഷം വൈദികൻ യാത്രചൊല്ലി പിരിഞ്ഞു.

"അയാളെപ്പററി അച്ചൻ യാതൊന്നും അറിയാതെ ഇവിടെ ഇന്നു വന്നതു് വളരെ ആശ്ചര്യ്യമായിരിക്കുന്നു."

"അതേ, അങ്ങിനെതന്നെ. അതു് ഒരാശ്ചര്യ്യമായി എനിക്കും തോന്നുന്നു." എന്നു വിസ്മയഭരിതനായ ആ വൈദികൻ പറഞ്ഞു.

അദ്ദേഹം കുതിരയുടെ തലമേൽ തട്ടിയതിൻെറശേഷം അതിനു മടങ്ങി പോകുവാൻ സന്തോഷമായിരിക്കുമല്ലോ എന്നു കരുതി പുഞ്ചിരിതൂകിക്കൊണ്ടു അതിൻെറ പുറത്തു കയറി ഇരുന്നു. വളരെ അനുസരണയുള്ളതും ഹിതാനുസരണം പ്രവൎത്തിക്കുന്നതുമായ ആ അശ്വം ഒററ അടിപോലും മുമ്പോട്ടു വെക്കാതെ അശ്വാരൂഢൻെറ അടിയും കുത്തും സഹിച്ചുകൊണ്ടു അവിടെ നില ഉറപ്പിച്ചു. അദ്ദേഹം കുതിരയെ വിടുന്നതിനു പഠിച്ച പണി പതിനെട്ടും കഴിച്ചുനോക്കി. എന്നാൽ ഫലം നാസ്തി.

"കൊള്ളാം, ഇതു് വളരെ വിചിത്രംതന്നെ." എന്നു പിറുപിറുത്തുകൊണ്ടു വൈദികൻ കുതിരപ്പുറത്തുനിന്നു ഇറങ്ങി നടപ്പുരയിൽ ചെന്നു ദമ്പതിമാരോടു: "ഞാൻ മുകളിൽ പോയി നമ്മുടെ സ്നേഹിതനെ ഒന്നുകൂടി സന്ദൎശിച്ചതിൻെറശേഷം ഇറങ്ങിവരാം. അപ്പോഴെക്കു എൻെറ കുതിര പുറപ്പെടാൻ സന്നദ്ധനായുമായിരിക്കും" എന്നു പറഞ്ഞു.

അദ്ദേഹം രോഗിയുടെ അടുക്കൽ ചെന്നു കുതിര തന്നെ തിരിയെ കൊണ്ടുപോകുന്നതിനു ഇഷ്ടപ്പെടുന്നില്ലെന്നും അതിനാൽ കുറെ നേരംകൂടെ താൻ അവിടെ ഇരിക്കാമെന്നും പറഞ്ഞു.

"അച്ചാ, എനിക്കതു വളരെ സന്തോഷമാണ്. എനിക്കു ചില സംഗതികൾകൂടി അച്ചനോടു പറയാനുണ്ട്."

മരണസമയത്തുള്ള പൂൎണ്ണദണ്ഡവിമോചനവും ആശീൎവ്വാ

ദവും രോഗിക്കു നൽകുന്നതിനു ഒരു അശരീരിവാക്കുണ്ടായതു പോലെ ആ വൈദികനു തോന്നി. ആ വൃദ്ധൻ പ്രസന്നവദനനായിത്തീൎന്നു.

“അച്ചാ, ഞാൻ ഇപ്പോൾ ഭാഗ്യവാൻ തന്നെ. ഞാൻ നാളെ വെളിച്ചമാകുന്നതുവരെ ജീവിക്കുന്നതായാൽ ഞാൻ വളരെ ഭാഗ്യവാനായിരിക്കും. ഞാൻ അങ്ങിനെ ശരണപ്പെടുകയും ചെയ്യുന്നു.”

“കൊള്ളാം. നിങ്ങൾക്കു ആ ഭാഗ്യംകൂടി ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഇപ്പോൾ പോകട്ടെ. നമുക്കു നാളെ രാവിലെ കാണാം.”

“എന്നാൽ അങ്ങിനെയാകട്ടെ. കുതിര ഇപ്പോൾ അച്ചനെ കൊണ്ടുപോകാൻ സന്നദ്ധനായിരിക്കും” എന്നു പറഞ്ഞുകൊണ്ടു ആ വൃദ്ധൻ സ്തുതിചൊല്ലി.

അദ്ദേഹം താഴെ ചെന്നപ്പോൾ കുതിര തയ്യാറായി നില്ക്കുന്നതുകണ്ടു സന്തോഷിച്ചു. അദ്ദേഹം കുതിരപ്പുറത്തു കയറി ദമ്പതിമാരോടു തൊപ്പി പൊക്കി യാത്രപറഞ്ഞതിൻെറശേഷം പുറപ്പെട്ടു.

“എങ്ങിനെ നോക്കിയാലും ഇതു അത്ഭുതാശ്ചൎയ്യമായിരിക്കുന്നു. ദൈവത്തിൻെറ കരുണയേയും സ്നേഹത്തേയും നിൎണ്ണയിക്കാൻ ആൎക്കു കഴിയും ?” എന്നെല്ലാം ചിന്തിച്ചുകൊണ്ടു അദ്ദേഹം സ്വവസതിയിലെത്തി.

അടുത്ത ദിവസം രാവിലെ കുൎബ്ബാന കഴിഞ്ഞു അദ്ദേഹം രോഗിയെ സന്ദൎശിക്കുന്നതിനു വി. കുൎബ്ബാനയുമായി പുറപ്പെട്ടു. പടിവാതുക്കൽ എത്തിയപ്പോൾ വീട്ടുടമസ്ഥൻ വന്നു അദ്ദേഹത്തെ സ്വീകരിച്ച് ഉദ്യാനത്തിൽകൂടി കൊണ്ടുപോകുമ്പോൾ ഇങ്ങിനെ പറഞ്ഞു: “നമ്മുടെ രോഗി പതിവുപോലെ ഇന്നു ഉണൎന്നിട്ടില്ല. അയാൾ അച്ചൻ വരുന്നതുവരെ ഉറങ്ങിക്കൊള്ളട്ടെ എന്നു വിചാരിച്ചു ഞങ്ങൾ അയാളെ വിളിച്ചില്ല.”

അവർ അയാളുടെ മുറിയിൽ പ്രവേശിച്ചപ്പോൾ സ്വൎഗ്ഗീയാനന്ദവും പുഞ്ചിരിയും കളിയാടുന്ന വദനത്തോടുകൂടെ അയാ

ൾ ഉറങ്ങുന്നതായിട്ടുതന്നെ കണ്ടു. അതു് അയാളുടെ അവസാന നിദ്രയായിരുന്നു.

വൈദികൻ അവിടെ മുട്ടുകുത്തി അല്പനേരം പ്രാൎത്ഥിച്ചു. അതു കഴിഞ്ഞു എഴുന്നേററപ്പോൾ വൃദ്ധൻ: "അച്ചാ, അവിടുത്തെ ക്ഷണം കൂടാതെയുള്ള വരവും രോഗിയുടെ സന്തോഷകരവും സമാധാനപരവുമായ മരണവും മററും അത്യന്തം അത്ഭുതമായിരിക്കുന്നു. അയാൾ ഒരു വിശുദ്ധനെപ്പോലെയാണു് മരിച്ചതു്" എന്നു വിനയപൂൎവ്വം പറഞ്ഞു.

"എൻെറ സ്നേഹിതാ, ദൈവത്തിൻെറ വഴികൾ അത്ഭുതകരമാണു്. അവിടുത്തെ കരുണയ്ക്കും അതിരില്ല." എന്നു വൈദികൻ പറഞ്ഞു.

# വ്യയനിയന്ത്രണം.

(ജോസഫ് കല്ലിടുക്കിൽ, മുട്ടം.)

ആധുനിക ലോകത്തെ പൊതുവേ ബാധിച്ചിരിക്കുന്ന സാമ്പത്തികാധഃപതനത്തിനു് ഒരു ശമനലക്ഷണം കാണുന്നില്ലെന്നുമാത്രമല്ല, അതു് പൂൎവ്വാധികം വൎദ്ധിച്ചുമാണു് വരുന്നതു്. കാൎഷികവിഭവങ്ങളുടെ വില കുറഞ്ഞു കുറഞ്ഞു് ഏതാണ്ടു് മുമ്പുണ്ടായിരുന്നതിൻെറ അഞ്ചിലൊന്നോ ആറിലൊന്നോ ഒക്കെയായി തീൎന്നിരിക്കുന്നു. കേരളീയർ ഭൂരിപക്ഷവും കൃഷിയെ ആശ്രയിച്ചു ജീവിച്ചുപോരുന്നവരുമാണു്. അന്യരാജ്യങ്ങളിൽനിന്നും വന്നുചേരുന്നതും നാം വാങ്ങി നിത്യം ഉപയോഗിച്ചുപോരുന്നതുമായ മററു സാമാനങ്ങൾക്കു് നമ്മുടെ കാൎഷിക വിഭവങ്ങൾക്കു നേരിട്ടിരിക്കുന്നതുപോലുള്ള വിലക്കുറവു് ഉണ്ടായിട്ടുമില്ല. ഇങ്ങിനെ നമ്മുടെ വരവു് വളരെ കുറയുകയും നമുക്കുള്ള മററുത്തരവാദിത്വങ്ങൾക്കു ഒരു കുറവുമുണ്ടാകാതിരിക്കയും ചെയ്തിരിക്കുന്നതിനാൽ എല്ലാവരും കുടുംബജീവിതത്തിൽ വളരെ ഞെരുങ്ങിക്കഴിയുന്ന ഒരു സന്ദൎഭമാണിതെന്നുള്ളതിൽ ഒരു സംശയവുമില്ല.

ഈദൃശ ദുർഘടസന്ധിയിൽ പ്രായോഗികമാർഗ്ഗങ്ങളായി ലോകത്തിലെ ഓരോരോ പരിഷ്കൃത ഗവമ്മേണ്ടുകൾപോലും അനുഷ്ഠിച്ചു പോരുന്നത് വ്യയനിയന്ത്രണമാകുന്നു. അതേ, വരവിൻെറ തോതനുസരിച്ച് ചിലവുകളെ നിയന്ത്രിക്കുക. ഇക്കാര്യം കേരളീയ കത്തോലിക്കർ ഈ സമയത്ത് പ്രത്യേകിച്ചും അനുസ്മരിച്ചു പ്രവർത്തിക്കേണ്ടതാണ്. നമ്മുടെയിടയിൽ വിവാഹങ്ങൾ, തിരുനാളുകൾ തുടങ്ങിയ മഹോത്സവങ്ങൾ ഒന്നിനു പിറകെ ഒന്നായി സാധാരണ ആഗതമാകാറുള്ള ആ വേനല്ക്കാലവും ആരംഭിച്ചിരിക്കുന്നു. വിവാഹം, തിരുനാൾ, വലിയസദ്യ, വിലയേറിയ വസ്ത്രാഭരണങ്ങൾ മുതലായ ഇനങ്ങളിലായി നമ്മുടെ ആളുകൾ യാതൊരു ലോഭവും കൂടാതെ ചെയ്യാറുള്ള ചിലവ് സുഭിക്ഷകാലത്തുപോലും അവരുടെ ധനസ്ഥിതിയെ സാരതരമായി അധഃപതിപ്പിച്ചിട്ടുണ്ടെങ്കിൽ ഈ ധനദുർഭിക്ഷകാലത്ത് മേല്പറഞ്ഞ ഇനങ്ങളിൽ നാം എത്രമാത്രം വ്യയനിയന്ത്രണം അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. ഭക്തിസംവർദ്ധകമായി കൊണ്ടാടേണ്ടിയ ദേവാലയ തിരുനാളുകളിലെ ബാഹ്യാഡംബരങ്ങൾ ഇക്കാലസ്ഥിതിക്കു യോജിക്കുന്നവിധത്തിൽ കുറെ കുറച്ചതുകൊണ്ടു എന്തു ചേതമാണ് വരാനുള്ളത് ? വിലയേറിയ പട്ടുകസവു വസ്ത്രങ്ങളുടെയും പൊന്നിൻ നഗകളുടെയും അഭാവം ക്രിസ്തീയ വിവാഹത്തിൻെറ പരിപാവനതക്ക് എന്തെങ്കിലും ഭംഗം വരുത്തുമോ ? ഒരിക്കലുമില്ല. ഈ വിഷയത്തിൽ നാം എത്രയോ കൊല്ലങ്ങൾക്കുമുമ്പേ ഉണരേണ്ടതായിരുന്നു.

ആധുനിക ക്ഷാമമെങ്കിലും ഈ വിഷയത്തിൽ നമ്മെ പ്രബുദ്ധരാക്കട്ടെ. നമ്മുടെ ധനചൂഷണം നടത്തുന്ന ഡ്രാമാ, സിനിമാ തുടങ്ങിയ കളികൾ, ഇൻഷ്വറൻസ് കമ്പനി, ഭാഗ്യക്കുറി മുതലായ പ്രസ്ഥാനങ്ങൾ ഇതുകളോടും തല്ക്കാലം അടുക്കാതിരിക്കുന്നതാണ് നല്ലത്.

ഇന്നത്തെ സമ്പൽക്ഷയത്തിൻെറ കക്കശതയെ നല്ലവണ്ണം മനസ്സിൽ വെച്ചുകൊണ്ടായിരിക്കണം മേൽകൊല്ലത്തേക്കുള്ള കുടുംബഭരണ ബഡ്ജററ് രൂപീകരിക്കുവാൻ. ഭക്ഷണം, വ

സ്സു, ഗൃഹോപകരണങ്ങൾ മുതലായ ഇനങ്ങളിൽ ഉള്ള ചില വു് പാട്ടപോലെ നിയന്ത്രിക്കണം. കുടുംബങ്ങളുടെ ക്ഷാമക്ഷേമങ്ങൾ അതുകളുൾപ്പെട്ട സമുദായത്തേയും രാജ്യത്തെയും സ്പർശിക്കുന്നതാണെന്നുള്ള വസ്തുതയും വിസ്മരിച്ചുകൂടാ. അമേരിക്കാ മുതലായ വിദേശരാജ്യങ്ങളിൽ പ്രതിദിനം ഒരാളിൻെറ ശരാശരി വരവു് എട്ടും പത്തും രൂപായായിരിക്കുമ്പോൾ ഒരിൻഡ്യാക്കാരൻെറ ശരാശരി വരവു് മൂന്നണമാത്രമാകുന്നു.

നമുക്ക് ആവശ്യമുള്ള സാമാനങ്ങൾ കഴിയുന്നതും സ്വദേശത്തുനിന്നുതന്നെ വാങ്ങിക്കൊണ്ടു് ആ ഇനത്തിൽ നമ്മുടെ ദേശാതിർത്തി കടന്നുപോകുന്ന ധനത്തെ തടഞ്ഞു നിറുത്താൻ ശ്രദ്ധിക്കുന്നതും നല്ലതാണു്.

സമ്പൽക്ഷയം പരിഗണിച്ചു് ഓരോ പരിഷ്കൃത ഗവമ്മേണ്ടുകൾ തങ്ങളുടെ രാജ്യത്തു് ചെയ്തുപോരുന്ന രക്ഷാമാർഗ്ഗങ്ങളെ പററി ചിന്തിക്കുമ്പോൾ ഈ വിഷയത്തിൽ നമ്മുടെ ഗവമ്മേണ്ടുകൾ അനുവർത്തിച്ചുപോരുന്ന നയം തൃപ്തികരമെന്നു് പറഞ്ഞുകൂടാ. എന്നാൽ ഏതു് ഗവമ്മേണ്ടുകൾക്കും ഭരണവിഷയത്തിൽ പ്രമാദങ്ങൾ കടന്നുകൂടുവാൻ പാടുണ്ടെന്നുള്ളതു് നാം വിസ്മരിക്കരുതു്. അങ്ങനെ കണ്ടാൽ അവയെപ്പററി ആവലാധിപ്പെടുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രജാസഭയ്ക്കു് ആവശ്യവും അവകാശവും ഉണ്ടു്. എന്നാൽ "അധികാരത്തോടു് എതിർക്കുന്നവൻ ദൈവത്തോടു് എതിർക്കുന്നു" എന്ന സത്യം മറക്കാതെ നമ്മുടെ പ്രക്ഷോഭണം ന്യായമായും ശാന്തമായും അധികാരസ്ഥാനങ്ങളോടുള്ള ബഹുമാനാദരവുകൾക്കു് കോട്ടം തട്ടാത്ത വിധത്തിലും ആയിരിക്കണം നടത്തപ്പെടേണ്ടതെന്നുള്ളതു് ഒരിക്കലും വിസ്മരിച്ചുകൂടാ.

ഏതായാലും വ്യയനിയന്ത്രണം ആധുനികനിലക്കു് അത്യന്താപേക്ഷിതമാകയാൽ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

# ജീവിതയാത്ര.

മനുഷ്യജീവിതം ഒരു യാത്രയാണ്. മനുഷ്യൻ ഒരു സഞ്ചാരിതന്നെ. അവർ അനുനിമിഷം വിചാരവീചികളിലൂടെ യാത്രതുടരുന്നു. വിവിധ ആഗ്രഹങ്ങളിൽക്കൂടി പ്രയാണംചെയ്യുന്ന നരൻ ഒടുവിൽ നിരാശയിൽ എത്തി അവൻെറ യാത്ര സന്താപപര്യവസായിയാക്കിക്കലാശിപ്പിക്കുന്നു. അവൻ വല്ലാതെ വ്യസനിക്കേണ്ടതായിട്ടാണ് തീരുന്നത്. ജീവിതം ഒരു ഘടികാരത്തിൻെറ 'പെൻറുലം' പോലെയാണെന്നു ബോധപ്പെടുവാൻ അധികമൊന്നും ആലോചിക്കേണ്ടതില്ല. അതല്ലെങ്കിൽ മധുപാനോത്സുകനായി ഒരു എട്ടുകാലിവലയിലേയ്ക്കു പറന്നുപോകുന്ന മക്ഷികപോലെയാണ് ജീവിതം യാത്ര തുടരുന്നതെന്നും നമുക്കു ആലോചിച്ചാൽ മനസ്സിലാകാം.

സർവ്വസമ്പൽസ്സമൃദ്ധിയോടുകൂടി സൌഭാഗ്യസമ്പൂർണ്ണനായി സന്തോഷസാഗരനിമഗ്നനായി ഇന്നു കാണപ്പെടുന്ന മനുഷ്യൻ നാളെ അല്ലെങ്കിൽ മററന്നാൾ മ്ലാനമുഖത്തൊടുകൂടി തെരുവീഥിയിൽ പ്രത്യക്ഷപ്പെടുന്ന കാര്യവും നമുക്കപരിചിതമല്ല.

കഠിന യത്നത്തിൻെറ ഫലമായിട്ടനുഭവപ്പെടുന്ന ആനന്ദാനുഭൂതികൾ പാരവശ്യത്തിൽ മാത്രമാണ് കലാശിച്ചു കാണുന്നത്. ഗാത്രദാർഢ്യതയോടെ സമ്പാദിക്കുന്നതെല്ലാം അനുഭവിപ്പാൻ സമയം ഒരുപക്ഷേ സമാഗതമാകുന്നുണ്ടെങ്കിൽത്തന്നെ ആയുസ്സ് വൈവശ്യസ്ഥിതിയെ അനുഗമിച്ചുകൊണ്ടാണ്. അപ്പോൾ സന്തോഷമാർഗ്ഗത്തിൽക്കൂടിയുള്ള യാത്ര സന്താപത്തിൽ സമാപ്തീകരിക്കപ്പെടുന്നു.

സാമ്രാജ്യങ്ങൾ അധഃപതിക്കുന്നതിനും സൈന്യങ്ങൾ നാമാവശേഷമാകുന്നതിനും ഒരഭിലാഷം ഹേതുവാകുന്നുണ്ടെങ്കിലും സ്വാന്തവിചാരമാത്രത്താൽ സ്വാന്തം കത്തിക്കാളുന്നതായും നമുക്കനുഭവപ്പെടാറുണ്ട്.

ഭരണനിപുണതയൊ, അനശ്വരകീർത്തിയൊ, ഐശ്വര്യസമ്പൂർണ്ണതയൊ ജീവിതയാത്രയെ വിഘ്നപ്പെടുത്തുവാൻ ശക്തങ്ങളല്ല. യുദ്ധക്കപ്പലുകളൊ, സൈന്യസന്നാഹങ്ങളൊ ജീവിതയാത്രയെതടഞ്ഞുനിറുത്തുവാൻ പര്യാപ്തങ്ങളല്ല. നദിയൊ, സമുദ്ര

മൊ, പൎവ്വതങ്ങളൊ ജീവിതയാത്രയെ വിലക്കി എതിരിടുവാൻ പ്രാപ്തങ്ങളുമല്ല.

പരിവൎത്തനങ്ങളുടെ പരിവൎത്തനങ്ങളിൽക്കൂടി അനുനിമിഷം നാം കടന്നുപോകാതെ ഗത്യന്തരമില്ല. മാററങ്ങൾ പ്രകൃതിയുടെ നിയമമാണ്. സ്രഷ്ടാവിന്റെ മഹനീയതത്വത്തെ ആദരിച്ചനുവൎത്തിക്കുന്ന നിയതിയുടെ നിയമസംഹിതയിൽ മനുഷ്യബോധം മാനുഷികമായി പ്രവേശിക്കുകയെന്നകാൎയ്യം അനുമന്തവ്യമല്ല. വിജയത്തെ പരാജയമെന്നപോലെ സുഖത്തെ ദുഃഖവും പകലിനെ രാത്രിയെന്നവിധം കിഴടക്കുന്നു.

നമ്മുടെ സ്നേഹിതന്മാർ നമുക്കെപ്പോഴും സന്തോഷമാണെന്ന് നമ്മോട് പറയുന്നു. നാം അപ്രകാരംതന്നെ അവരെയും വിചാരിക്കുന്നു. പ്രകൃതിനിയമത്തെയും സ്രഷ്ടാവിന്റെ സ്ഥിതിഗതികളെയും ആരാഞ്ഞറിവാൻ ഇരുകൂട്ടൎക്കും സുസാധകമല്ല.

നിമിഷംപ്രതി സുഖസന്തോഷങ്ങളെ ആഗ്രഹിച്ച് നാം തുടരുന്ന യാത്രയിൽ അസുഖസന്താപങ്ങളെ കണ്ടുമുട്ടുമ്പോൾ നാം നിരാശപ്പെടുന്നു. തൃപ്തി എന്നുള്ളതിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് നമുക്ക് അറിവാകുന്നുമില്ല.

വാസ്തവം പറയുകയാണെങ്കിൽ ഭൂമുഖത്തുള്ള യാതൊന്നിനെക്കൊണ്ടും മനുഷ്യനെ തൃപ്തിപ്പെടുത്തുവാൻ കഴികയില്ല. നമ്മുടെ ശരിയായ ആവശ്യങ്ങളെ പൂൎത്തിയായിട്ട് നിൎവ്വഹിപ്പാൻ വേണ്ടതക്ക സാമഗ്രികകളൊന്നും ഇഹത്തിൽ ഇല്ല.

നമ്മുടെ രാജ്യവും ഇതല്ല. നാം വിദേശിയരാണ്. വീട്ടിൽനിന്നും യാത്രചെയ്തു നാമിപ്പോൾ ഇവിടെ എത്തിയിരിക്കുകയാണ്. ഇതാ ഇനിയും നമുക്ക് യാത്ര അവസാനിപ്പിക്കാതെ തുടരേണ്ടതായിട്ടുതന്നെ ഇരിക്കുന്നു. പുറപ്പെട്ട സ്ഥലത്ത് തിരിച്ചെത്തുന്നതുവരെ നാം പൊയ്ക്കൊണ്ടിരിക്കണം. വഴിക്ക് നേരിടുന്ന വിഘ്നങ്ങളോട് സകലവും മല്ലിടേണ്ട ഭാരവും നമുക്കുണ്ട്. അതിനാവശ്യമായ ഉപകരണങ്ങൾ നാം സമ്പാദിക്കേണ്ടതുണ്ട്.

യാത്ര മുറക്ക് തുടരുവാൻതന്നെ ഒരുങ്ങേണ്ടവരായ നാം വേണ്ടതക്ക ഉപകരണങ്ങളോടുകൂടി ക്രമശഃ ചെന്ന് ചെന്ന്

സന്തോഷത്തിൻെറയും സംതൃപ്തിയുടെയും സ്ഥലമായ നമ്മുടെ നിതാന്ത ഹൎമ്മ്യത്തിൽ പ്രവേശിക്കുമ്പോൾ ജീവിതയാത്ര പരിപൂൎണ്ണവിജയത്തിൽ നമുക്ക് കലാശിപ്പിക്കാം. അതുവരെ ഇഹലോകമെന്ന പരദേശത്തിൽ വങ്ങിയും പതുങ്ങിയും പശ്ചാത്തപിച്ചുംകൊണ്ട് കഴിക്കാതെയും തരമില്ല. — വിനീതവിധേയൻ.

# ആണ്ട് ഹെലൻെറ കത്തുകൾ.

തൃക്കുടുംബത്തിരുനാൾ.

പ്രിയ കുട്ടികളേ,

ഇന്നും നാം ആ വലിയതും ആശ്ചൎയ്യജനകവുമായ വാക്കുകളിലൊന്നാണ് വിശേഷവിധിയായി കേൾക്കുന്നത്. അതെ, 'എപ്പിഫനി' എന്ന വാക്കാണത്. നിങ്ങൾ അതു കേട്ടിട്ട അൎത്ഥമറിയാതെ പരിഭ്രമിക്കേണ്ട. 'കാണിക്കൽ' എന്നതിനു സമമായ മറെറാരു വാക്കാണത്. ഈ എപ്പിഫനിക്കാലത്ത് 'കാണിക്കൽ' എന്നത് എന്തെന്നു കാണുവാനും നമുക്കു നിഷ്പ്രയാസം സാധിക്കും. എന്തുകൊണ്ടെന്നാൽ എപ്പിഫനി കാലത്തെ എല്ലാ ഞായറാഴ്ചകളിലെയും സുവിശേഷം യേശു ദൈവപുത്രനാകുന്നുവെന്നു ലോകത്തിനു കാണിക്കുന്നതായിട്ടാണ് നമ്മെ ഉൽബോധിപ്പിക്കുന്നത്.

എപ്പിഫനിയിലെ ആദ്യദിവസം ജനുവരി ൬-ാംനു-യാണ്. ഈ ദിവസത്തിയിലായിരുന്നു പൂൎവ്വദിക്കിൽനിന്നു ജ്യോതിഷ വിദ്വാന്മാർ ശിശുവായ യേശുവിനെ ആരാധിക്കാൻ വന്നത്. (നിങ്ങളുടെ പള്ളിയിൽ ഒരു തൊഴുക്കൂട്ട കെട്ടിയിട്ടുണ്ടെങ്കിൽ, ഇപ്പോൾ നിങ്ങൾക്കു ആ ജ്യോതിഷവിദ്വാന്മാരെ അവിടെ കാണുവാൻ സാധിക്കും) ബെത്ലെഹമിനടുത്തു വസിച്ചിരുന്ന യഹൂദവംശജരായ ആട്ടിടയന്മാർ ഈ ശിശുവിനെ ദൈവപുത്രൻ എന്ന നിലയിൽ ആരാധിപ്പാനായി വന്നു. എന്നാൽ യേശു യ

ഹൂദന്മാരെ മാത്രമല്ല ലോകത്തിലുള്ള സകല മനുഷ്യരെയും രക്ഷിപ്പാനായിട്ടത്രെ ജാതനായത്. തന്നിമിത്തമാണ് വളരെ ദൂരത്തുനിന്നുപോലും രാജാക്കന്മാർ ദൈവപുത്രനെ ആരാധിപ്പാൻ വരുന്നതായി നാം കാണുന്നത്.

താൻ ദൈവപുത്രനാണെന്നു യേശു മറെറാരിക്കൽ വെളിപ്പെടുത്തിയതിനെപ്പററിയും എപ്പിഫനിയുടെ ആദ്യഞായറാഴ്ച നാം കേൾക്കുന്നു. എങ്ങനെയെന്നാൽ അവിടുത്തേയ്ക്കു പന്ത്രണ്ടു വയസ്സു നടക്കുമ്പോൾ അവിടുന്നു നൽകിയ വേദപുസ്തകവ്യാഖ്യാനം വയോധികരും പണ്ഡിതാഗ്രേസരുമായ പല യഹൂദന്മാരെയും അത്ഭുതപരതന്ത്രരാക്കി. ദൈവപുത്രനുമാത്രമേ ഈദൃശകൃത്യം സാദ്ധ്യമാകയുള്ളു.

ദൈവത്തിൻെറ ആ വിശുദ്ധ പ്രവാചകന്മാരെക്കുറിച്ചും നിങ്ങൾ ഓൎക്കുന്നുണ്ടാവണം. അവർ യഹൂദന്മാരോടു യേശുവിൻെറ ആഗമനത്തെപ്പററി പറയുവാനും അവരെ അതിനായി ഒരുക്കുവാനുമായിട്ടു അയക്കപ്പെട്ട ഏതാൻ ചില പരിശുദ്ധ മാനസരാണ്. ഈ സിദ്ധന്മാർ പറഞ്ഞ ശുദ്ധ വചനങ്ങൾ വിസ്മൃതങ്ങളായിപ്പോകാതിരിപ്പാനായി യഹൂദന്മാർ അവയെ വലിയ പുസ്തകങ്ങളിൽ രേഖപ്പെടുത്തി വച്ചിരുന്നതിനെയും നിങ്ങൾ ഒരുപക്ഷെ ഓൎക്കുന്നുണ്ടാവാം.

ചിലപ്പോഴെല്ലാം ഈ വാക്കുകൾ സാധാരണക്കാൎക്കു സുഗ്രഹങ്ങളല്ലാതെ വന്നിരുന്നതിനാൽ 'നിയമപണ്ഡിതന്മാർ' എന്നു യഹൂദന്മാർ അഭിസംബോധനം ചെയ്തിട്ടുള്ള ഗുരുക്കന്മാരാൽ അവ വ്യാഖ്യാനിക്കപ്പെടേണ്ടിയിരുന്നു. ഈ നിയമവിദഗ്ദ്ധന്മാരാണ് ദേവാലയത്തിൽവെച്ചു ജനങ്ങളെ പഠിപ്പിച്ചിരുന്നത്. ഈ ദേവാലയങ്ങളിൽവെച്ചു ഏററം വിസ്തൃതവും മനോഹരവുമായതു വിശുദ്ധ നഗരത്തിലെ ജെരുസലേം ദേവാലയമായിരുന്നു. എപ്പിഫനി ഒന്നാം ഞായറാഴ്ചയുടെ സുവിശേഷത്തിൽ നാം വായിക്കുന്നതു ഈ ജെരുസലേം ദേവാലയത്തെക്കുറിച്ചാണ്.

ക്രിസ്തു, നിയമവിദഗ്ദ്ധന്മാരുടെ മദ്ധ്യേ തൎക്കിച്ചുകൊണ്ടിരിക്കുന്നതായ ഒരു മനോഹരചിത്രമുണ്ട് അതിലൊന്നു നിങ്ങളും,

ട്ടും നിങ്ങൾക്കു വാങ്ങിത്തരുന്നതായിരിക്കും.

അതുകൂടാതെ, ഇന്നു തൃക്കുടുംബത്തിരുനാളാകകൊണ്ടു തൃക്കുടുംബത്തിൻെറയും ഒരു ചിത്രം നിങ്ങളുടെ ഓരോരുത്തരുടെയും കുടുംബത്തിൽ വേണ്ടതാണ്. അതു ചില്ലിട്ടുവയ്ക്കുമ്പോൾ അതിന്നടിയിലായി ഇന്നത്തെ സുവിശേഷത്തിൽനിന്നു "അദ്ദേഹം അവക്കു കീഴ്പ്പെട്ടിരുന്നു" എന്ന വാക്യം എഴുതിവയ്ക്കാൻ മറന്നുപോകരുത്.

ഇന്നത്തെ ലേഖനത്തിൽനിന്നു "പരമപിതാവിന്നു നമ്മുടെ കത്താവായ യേശു വഴിയായി കൃതജ്ഞത പ്രദശിപ്പിക്കുന്നു" എന്ന വാക്യവും എഴുതിവയ്ക്കേണ്ടതുതന്നെയാണ്. എന്തുകൊണ്ടെന്നാൽ പരമ പിതാവു നമുക്കു നല്കിയിരിക്കുന്ന ആ അസംഖ്യ ദാനങ്ങൾക്കും നാംതന്നെ വേണ്ടവിധം കൃതജ്ഞത പ്രദശിപ്പിക്കുവാൻ അശക്തരാണെന്നത്രെ അതുമൂലം കാണിക്കുന്നതു്. ക്രിസ്തുവഴിയായി ചെയ്യുന്നതത്രെ ഏററം ഫലപ്രദം. ദിവ്യപൂജാസമയത്തു യേശു നമ്മിൽ എഴുന്നള്ളിവരുമ്പോഴും "നമ്മുടെ കത്താവായ യേശു ക്രിസ്തുവഴിയായി" എന്ന പ്രാത്ഥന സമപ്പിക്കുമ്പോഴും, സ്വഗ്ഗീയപിതാവിൻെറനേക്കു ഏററം ഫലപ്രദമായി കൃതജ്ഞത പ്രകാശിപ്പിക്കുവാൻ സാധിക്കും. മാത്രമല്ല, ഈ കൃത്യംതന്നെ യേശുവിൻെറ നാമത്തിൽ നമ്മുടെ ഓരോ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ആവത്തിക്കാവുന്നതുമാണ്.

എന്തുകൊണ്ടെന്നാൽ യേശു ദൈവത്തിൻെറ പരിപൂൎണ്ണസുതനായിരുന്നു. അവിടുന്നു അങ്ങെ പിതാവിൻെറ വാക്കു എപ്പോഴും അനുസരിച്ചിരുന്നു. അവിടുന്നു ഇഹലോകത്തിൽ ജീവിച്ചതും ക്രൂരവും ലജ്ജാവഹവുമായ കുരിശുമരണം അനുഭവിച്ചതും അവിടുത്തെ സ്വഗ്ഗീയപിതാവിനെ തൃപ്തിപ്പെടുത്തുവാനായിരുന്നു.

പ്രതാപവാനും ശക്തനുമായ ആ ദൈവപുത്രൻ ഇന്നു ചെയ്യുന്ന കൃത്യങ്ങൾതന്നെ പരിശോധിച്ചാലും: ഇതാ അദ്ദേഹം ജോസഫിനോടും മരിയയോടുംകൂടി ആ നിദ്ധന കുടുംബത്തിലേയ്ക്കു പോകുന്നു! ആകാശത്തിൻെറയും ഭൂമിയുടെയും രാജാവായിരുന്നിട്ടും അവർ ആവശ്യപ്പെട്ട ഏററം നിസ്സാരമായ കാൎയ്യങ്ങൾ

പോലും ചെയ്യുകൊട്ടുത്തുകൊണ്ടു അവക്കു കീഴ്വഴങ്ങുന്നു! ഇതെല്ലാം സ്വൎഗ്ഗസ്ഥപിതാവിനെ തൃപ്തിപ്പെടുത്തുവാനല്ലാതെ മററെന്തിനാണു് ?

എന്തുകൊണ്ടെന്നാൽ മക്കൾ മാതാപിതാക്കന്മാരെ ബഹുമാനിക്കയും അനുസരിക്കയും ചെയ്യണമെന്നതു ദൈവത്തിൻെറ വലിയ പ്രമാണങ്ങളിലൊന്നുതന്നെയാണു്. മാതാപിതാക്കളെ അനുസരിക്കയും ബഹുമാനിക്കയും ചെയ്യുന്ന കാൎയ്യം ബഹു പ്രയാസമായിട്ടു നമുക്കു തോന്നിയേക്കാം. പക്ഷെ, അപ്പോഴെല്ലാം തിരുക്കുടുംബത്തിലെ യേശുവിൻെറ മാതൃക നാം ഓൎത്തുകൊണ്ടാൽമതി. അപ്പോൾ, പ്രയാസമെന്നു തോന്നിയിരുന്നതൊക്കെ നിഷ്പ്രയാസവും സന്തോഷാവഹവുമായിത്തീരും.

---

## പൊതുനിയോഗം.

### ദൈവത്തിനെതിരായുള്ള യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കുന്ന നാസ്തികജനങ്ങളുടെ മാനസാന്തരം.

ഇപ്പോൾ റഷ്യാ മെക്സിക്കോ മുതലായ രാജ്യങ്ങളിൽ മതവിദ്വേഷികൾ കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും തന്നിമിത്തം ആ രാജ്യങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന കലഹങ്ങളും നാശങ്ങളും ഭയങ്കരങ്ങളാണെന്നു് ഇതിനകം ലോകപ്രസിദ്ധമായിത്തീൎന്നിട്ടുള്ളതാണല്ലൊ. ഈശ്വരവിശ്വാസവും മതബോധവും ഇല്ലാതായിത്തീൎന്നാലുണ്ടാകുന്ന അനൎത്ഥങ്ങൾ അവൎണ്ണനീയങ്ങളാണു്. നമ്മുടെ നാട്ടിലും നാസ്തികന്മാർ കുറഞ്ഞൊരുകാലമായി തലപൊക്കി തുടങ്ങിയിട്ടുണ്ടു്. ഇതിൻെറയൊക്കെ ഫലം ഇന്നാട്ടുകാരും അനുഭവിക്കാതെ തരമില്ല. അതിനാൽ ദൈവമക്കളായ നാം നമ്മുടെ നല്ല ദൃഷ്ടാന്തത്താലും പ്രാൎത്ഥനയാലും സുകൃതജീവിതത്താലും ദൈവത്തെ സമ്പ്രീതനാക്കിത്തീൎക്കുകയും തദ്വാരാ നാസ്തികന്മാരുടെ മാനസാന്തരത്തെ സാധിതപ്രായമാക്കുകയും ചെയ്യണം. ഈ ഉദ്ദേശസാദ്ധ്യത്തിനായി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാൎത്ഥിക്കേണ്ടതാണു്.

---

ബണ്ണദീത്തായെ

## വിശ്രുദ്ധയെന്നു നാമകരണം ചെയ്തു.

ലൂർദ്ദ് മലയിൽവച്ച് ദൈവമാതാദർശനത്തിനു ഭാഗ്യം സിദ്ധിച്ച ഭാഗ്യവതിയായ ബണ്ണദീത്തായെ ഡിസംബർ ൮-ാംനു-അമലോത്ഭവ മാതാവിൻെറ തിരുനാൾ ദിവസം പത്രോസിൻെറ ദേവാലയത്തിൽവച്ചു പ. പിതാവു തിരുമനസ്സുകൊണ്ട് വിശ്രുദ്ധയെന്നു നാമകരണം ചെയ്തിരിക്കുന്നു. ഇതുസംബന്ധിച്ചു ബ്രഹ്മാണ്ഡമായ വി. പത്രോസിൻെറ ദേവാലയവും പരിസരങ്ങളും വിശേഷവിധിയായി അലങ്കരിച്ചിരുന്നു. തദവസരത്തിൽ ആറു മെത്രാന്മാരുടെനേതൃത്വത്തിൽ വന്ന തീർത്ഥയാത്രക്കാർ, ൨൦ വിവിധരാജ്യ പ്രതിനിധികൾ എന്നിവർക്കുപുറമെ ഇംഗ്ലീഷ്കാരും ഫ്രഞ്ചുകാരുമായി പതിനായിരത്തിൽപരം ജനങ്ങൾ സന്നിഹിതരായിരുന്നു. ലൂർദ്ദിൽ നിന്നും ആഗതരായിരുന്ന സ്ത്രീകൾ പ്രത്യേകാനുവാദത്തോടുകൂടി പൂർവ്വാചാരങ്ങളെ വിഗണിച്ച് മാർപ്പാപ്പായുടെ സന്നിധിയിൽ ബണ്ണദീത്താ ധരിച്ചിരുന്ന മാതിരി ശിരോവസ്ത്രം ധരിച്ചുകൊണ്ടു നിന്നിരുന്നു. നാമകരണ ചടങ്ങുകൾ നടന്നുകൊണ്ടിരുന്ന അവസരത്തിൽ റോമ്മാ നഗരത്തിലുള്ള സകല പള്ളികളിലേയും മണികൾ സന്തോഷസൂചകമായി മുഴങ്ങിക്കൊണ്ടിരുന്നുവെന്നുള്ളതും പ്രസ്താവ്യമാണ്. അന്നു സായാഹ്നത്തിൽ വി. പത്രോസിൻെറ ദേവാലയം വിചിത്രദ്യുതി വിതറുന്ന ദീപാവലികളുടെ പ്രഭാപ്രളയത്തിൽ നിമഗ്നമായ കാഴ്ച കാണികളെ വി. ബണ്ണദീത്തായുടെ സ്വർഗ്ഗീയ പ്രഭയെ അനുസ്മരിപ്പിച്ചു അപഹൃത ചിത്തവൃത്തികളാക്കുക തന്നെ ചെയ്തു. ദീ.

---

## ക്ഷയരോഗം.

ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിൽ ക്ഷയരോഗംമൂലമുള്ള മരണങ്ങൾ ദിവസേന വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു എന്നുള്ളതു എത്രയും ഗൌരമായ ഒരു സംഗതിയാണ്. ഏകദേശം ഒമ്പതു കോടി ജനങ്ങൾ അധിവസിക്കുന്ന ബംഗാളത്തിൽ എ

ട്ടു ലക്ഷം ആളുകൾ ക്ഷയരോഗികളായിരിക്കുന്നതായി കാണുന്നു. ഭാരതഭൂമിയിൽ ഭയങ്കരമായ ഈ രോഗം ഹേതുവാൽ ആണ്ടുതോറും പത്തു ലക്ഷം ജനങ്ങൾ മൃതിയടയുന്നതായി കണക്കാക്കിയിട്ടുണ്ട്. കൽക്കട്ടായിൽ മാത്രം ഏകദേശം മൂവായിരം ആളുകൾ കഴിഞ്ഞ ഒരു വർഷത്തിൽ ഇതു മൂലം മരിക്കയുണ്ടായി. ലോകത്തിലെ പ്രധാന പട്ടണങ്ങളിൽ പ്രസ്തുത രോഗത്താലുണ്ടാകുന്ന മരണങ്ങൾ താരതമ്യം ചെയ്യുന്ന പക്ഷം ആയിരത്തിന്നു കല്ക്കട്ടായിൽ ൨.൭-ം, മദ്രാസിൽ ൨.൬-ം, പാരിസിൽ ൨.൭-ം, ബോമ്പയിൽ ൧.൪-ം, ലണ്ടനിൽ ൧-ം, ചിക്കാഗോവിൽ ൭-ം വീതം കാണാവുന്നതാണ്.

ക്ഷയം പ്രായേണ ഒരു അസാദ്ധ്യരോഗമായിട്ടാണ് വിചാരിക്കപ്പെട്ടിരുന്നതു്. എന്നാൽ അടുത്തകാലത്തു ചാസ. എച്ച്. സ്റ്റീവൻസ് എന്നൊരു ഇംഗ്ലീഷുകാരൻ (Chas. H. Stevens, 204, Worple Road, Wimbledon, London, S. W. 20.) ഇതിനൊരു സിദ്ധൌഷധം കണ്ടുപിടിച്ചിട്ടുള്ളതായി അറിയുന്നു. 'യുങ്കലോബൊ' (Umckaloabo) എന്ന പേരിൽ അറിയപ്പെട്ടുന്ന ഈ ഔഷധം ദക്ഷിണ ആഫ്രിക്ക, ലിബേറിയാ, ഗോൾഡ കോസ്റ്റ എന്നീ രാജ്യങ്ങളിൽ വളരുന്ന ഒരു ചെടിയുടെ വേരിൽനിന്നും സംസ്കരിച്ചെടുത്തിട്ടുള്ളതാണ്. ഈ ഔഷധം പ്രചാരത്തിൽ വരുന്ന പക്ഷം ക്ഷയരോഗം നാമാവശേഷമായിത്തീരുന്നതാണെന്നു അതു ഉപയോഗിച്ചിട്ടുള്ളവരെല്ലാം ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. പ്രസിദ്ധ ഡോക്ടർമ്മാർ അസാദ്ധ്യമെന്നു പറഞ്ഞു ഉപേക്ഷിച്ച അനേകം ക്ഷയരോഗികളുടെ ഏകരക്ഷാമാർഗ്ഗം ഈ ഔഷധം മാത്രമായിരുന്നുവെന്നു ഇതിനകം പ്രസിദ്ധമായിട്ടുണ്ട്. ഈ മരുന്നു ഉപയോഗിച്ചു ഒരു മാസം തികയുന്നതിനുമുമ്പുതന്നെ രോഗത്തിൻെറ പുരോഗതിയെ തടയുന്നതും ഗണ്യമായ ഗുണം കണ്ടുതുടങ്ങുന്നതുമാണെന്നറിയുന്നു. ഒരു മാസം സേവിക്കാനുള്ള മരുന്നിന്നു ൪൫ രൂപായാണ് വില നിശ്ചയിച്ചിരിക്കുന്നതു്. മി. ചാസ. എച്ച്. സ്റ്റീവൻസിനു നേരിട്ടോ താഴെ കാണുന്ന മേൽവിലാസത്തിലോ അപേക്ഷിച്ചാൽ മരു

നു ആവശ്യംപോലെ കിട്ടുന്നതാണ്.

Dr. Cyril F. Evans,
Wellesley Dental Surgery,
11, Chawringhee Road, Calcutta.

---

## ചെറുനാരങ്ങയുടെ ഉപയോഗങ്ങൾ.

(തുടച്ച്)

ക്ഷയം, അർബ്ബുദം, മഹോദരം, മൃത (Cancer) പിണ്ഡം സംബന്ധിച്ച രോഗങ്ങൾ, വാതം, കണ്ഠമാല, പ്രമേഹം ഇത്യാദി ഭയങ്കരരോഗങ്ങൾക്കു ആദ്യം വിവരിച്ച നാരങ്ങാനീർപ്രയോഗം ഫലപ്രദമായി കണ്ടിട്ടുണ്ട്.

ചൂണ്ണങ്ങിനു നാരങ്ങ മുറിച്ചു മേൽ തേയ്ക്കുക. അതിസാരത്തിനും വിഷൂചികയ്ക്കും മലബന്ധത്തിനും നിണ്ണയിച്ച ചികിത്സാക്രമം അനുഷ്ഠിക്കുക. അഗ്നിമാന്ദ്യത്തിനും, ഗ്രഹണിയ്ക്കും, ദഹനക്കേടിനും, നെഞ്ഞുരുക്കത്തിനും വയററിനു സ്വസ്ഥതകൊടുത്തു വെറുംവയററിൽ നാരങ്ങനീരും ശുദ്ധജലവും സേവിക്കുക. മേൽവിവരിച്ച നാരങ്ങപ്രയോഗവും ഫലപ്രദമായിക്കണ്ടിരിക്കുന്നു. അഗ്നിവിസപ്പത്തിനു നാരങ്ങാനീരും ബ്രാണ്ടിയും സമം ചേത്തു വീക്കമുള്ള സ്ഥലത്തു അതു മാറുന്നതുവരെ പുരട്ടുക.

ജ്വരങ്ങളിൽ ഉഷ്ണശമനത്തിനു നാരങ്ങാച്ചാർ സേവിച്ചാൽ അതിവിശേഷമാണ്.

തൊണ്ടയിൽ മത്സ്യമുള്ളു കുത്തിയാൽ നാരങ്ങാച്ചാർ കുടിക്കുക. മുള്ളു മൃദുവായി ഇറങ്ങിപ്പോകും. ആന്ത്രവായു സംബന്ധമായ രോഗങ്ങൾക്കു നാരങ്ങാച്ചാർ ധാരാളം കഴിക്കുന്നതുകൊണ്ടു ശമനംകിട്ടുന്നതാണ്. ദീഘകാലത്തെ പഴക്കമുള്ളതാണെങ്കിൽ മേൽവിവരിച്ച നാരങ്ങപ്രയോഗം ചെയ്യേണ്ടതാണ്.

പിത്തം സംബന്ധമായ തലവേദനയ്ക്കു ഒരു കോപ്പ പാൽ ചേക്കാത്ത കാപ്പിയിൽ ഒരു മേശക്കരണ്ടി നാരങ്ങാച്ചാർചേത്തു കഴിക്കുക.

തുടരും. കോ. പ.

# കുറിപ്പുകൾ.

സ്ഥലം ആശ്രമദേവാലയത്തിൽ ഡിസമ്പർ ൩൦, ൩൧, ജനവരി ൧ എന്നീ തീയതികളിൽ നാല്പതുമണി ആരാധന നടത്തപ്പെടുന്നതാണ്.

ദേവാലയത്തിനകത്തോ പുറത്തോ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ സംബന്ധിക്കുന്ന ഒരു വിശ്വാസിക്ക്, നിയമാനുസൃതമായ ചട്ടങ്ങൾ അനുഷ്ഠിക്കുന്ന പക്ഷം, ഒരു പൂൎണ്ണദണ്ഡവിമോചനം പ്രാപിക്കാമെന്നു 'സേക്രഡ് പെനിറ്റൻഷ്യറി' എന്ന തിരുസംഘം ഒരു കല്പന പുറപ്പെടുവിച്ചിരിക്കുന്നു.

കൊച്ചി രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്ന മോൺ. മെനവസ് തിരുമനസ്സിലെ പട്ടാഭിഷേകം ജനവരി ആദ്യ ആഴ്ചയിൽ ഗോവയിൽ വെച്ചു നടക്കുന്നതാണ്.

തിരുവിതാംകൂർ ഹൈക്കോടതിയിലെ യൂറോപ്യൻ പ്യൂണിജഡ്ജിയായി നിയമിക്കപ്പെട്ടിരിക്കുന്ന ഡോക്ടർ നോക്സ് ഡിസമ്പർ ഒന്നാം തീയതി ചാർജെടുത്തു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

ഇൻഡ്യാ വൈസ്രോയി വില്ലിംഗ്ടൺ പ്രഭുവും പത്നിയും സപരിവാരം ഡിസമ്പർ ൭-ാം തീയതി എറണാകുളത്തെത്തുകയും അവിടെനിന്നും ൯-ാം തീയതി തിരുവിതാംകൂറിലേക്കു പുറപ്പെടുകയുംചെയ്തു. കൊല്ലത്തെ ഉദ്യാനവിരുന്ന് നടക്കുന്നതിനിടയ്ക്കു നമ്മുടെ ഗവൎമ്മെണ്ടു ഉദ്യോഗസ്ഥന്മാൎക്കു ഒരു പാഠമാകത്തക്ക ഒരു ദൃഷ്ടാന്തം വൈസ്രോയി അവർകൾ കാണിച്ചുകൊടുക്കുകയുണ്ടായി. ഡോക്ടർ ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു കുറെ അകലെയിരിക്കുകയായിരുന്നു. വൈസ്രോയി ദിവാനെ പറഞ്ഞയച്ചു അദ്ദേഹത്തെ താനും പ്രഭ്വിയും ഇരുന്നിരുന്ന സ്ഥലത്തേക്കു ക്ഷണിക്കയും തിരുമേനി അവരൊരുമിച്ചു ചായസല്ക്കാരത്തിൽ ഭാഗഭാക്കാകുകയും അവരുമായി വിവിധ വിഷയങ്ങളെപ്പററി സംസാരിക്കുകയും ചെയ്തു. ൧൨-ാം തീയതി ഈ മാന്യാതിഥികൾ തിരുവിതാംകൂറിൽനിന്നും പ്രത്യേക തീവണ്ടിമാൎഗ്ഗം പുതുക്കോട്ടയ്ക്കു പുറപ്പെട്ടു.

ടയറിലെ തിരുവസ്ത്രപ്രദൎശനത്തിൽവച്ച് അത്ഭുതകരമായ അഞ്ചു രോഗശാന്തികളുണ്ടായതായി ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതിലൊന്ന് ഒരു പ്രോട്ടസ്റ്റാൻറുകാരനാണ്.

൧൯൩൪-ൽ നടക്കുവാനിരിക്കുന്ന ഒബോസ്സ്രാഗോയിലെ പീഡാനുഭവാഭിനയം സംബന്ധിച്ചു ജൎമ്മനിയിലെ തീവണ്ടിച്ചാൎജ് ൫൦ ശതമാനം കുറവുചെയ്യുന്നതാണെന്നു കാണുന്നു.

എറണാകുളം അതിരൂപതയിൽനിന്നു ൧൭-ം, ചങ്ങനാശേരി രൂപതയിൽനിന്നു ൭-ം, കൊച്ചീ രൂപതയിൽനിന്നു ൪-ം, വരാപ്പുഴ അതിരൂപതയിൽനിന്ന് ഒന്നും, ഡാക്കാരൂപതയിൽനിന്നു ഒന്നുമുൾപ്പടെ ൩൦ ശെമ്മാശന്മാൎക്കു മംഗലപ്പുഴ സെമ്മിനാരിയിൽവച്ചു ഡിസമ്പർ മാസത്തിൽ കുഞ്ഞാനപ്പട്ടം ലഭിച്ചിരിക്കുന്നു.

റോമയിലേയ്ക്കു പോയിരുന്ന ഇന്ത്യയുടെ ഡെലിഗേററ് അപ്പസ്തോലിക് തിരുമനസ്സുകൊണ്ടു കഴിഞ്ഞ ൮-ാംനു- ബോമ്പയിൽ എത്തിയതായി കാണുന്നു.

റോമയിലെ പ്രൊപ്പഗാന്താ കോളേജിൽ, ഈയിടെ കൊറിയായിൽനിന്നു രണ്ടു വൈദികവിദ്യാൎത്ഥികൾ ചേൎന്നിരിക്കുന്നു. ഇവരുൾപ്പടെ ഇപ്പോൾ പ്രൊപ്പഗാന്താ കോളേജിൽ ആകെ ൩൭ രാജ്യക്കാരായ വിദ്യാൎത്ഥികളുണ്ടു്.

അബ്സീനിയായുടെ തലസ്ഥാനപുരിയിൽ ഈയിടെ ഉൽഘാടനം ചെയ്യപ്പെട്ട ഒരു കത്തോലിക്ക ദേവാലയത്തിന്റെ ആശീൎവാദകൎമ്മത്തിൽ പങ്കുകൊള്ളുവാൻ അവിടുത്തെ നാടുവാഴി ഒരു സ്വന്തം പ്രതിനിധിയെ അയക്കുകയും, പ്രസ്തുത ദേവാലയത്തിലേക്കു ഒരു വലിയ കുരിശു സമ്മാനമായി അയച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

അമേരിക്കയും സോവിയററു റഷ്യയും തമ്മിലുണ്ടായ സന്ധിയിൽ, ഓരോ രാജ്യക്കാൎക്കും അതതു രാജ്യത്തു മതസംബന്ധമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നുള്ള ഒരു വ്യവസ്ഥ ഉണ്ടായിരിക്കണമെന്നു അമേരിക്കൻ പ്രസിഡണ്ടു മി. റൂസ്വെൽററ് പ്രത്യേകം നിഷ്കൎഷിച്ചിട്ടുണ്ടെന്നു കാണാം.

ഇക്കഴിഞ്ഞ ഡിസമ്പർ ൭-ാംനു- വ്യാഴാഴ്ച വൈകുന്നേരം നാലു മണിക്കു തിരുവിതാംകൂർ ക്രൈസ്തവ–ഈഴവ–മുസ്ലിം സമുദായ പ്രധാനന്മാരായ ൧൮ പേർ ചേൎന്നു മഹാരാജാവു് തിരുമനസ്സിലെ മുഖം കാണിച്ചു് സമൎപ്പിച്ച മെമ്മോറിയലിനു ലഭിച്ച മറുപടി താഴെ ചേൎക്കുന്നു. "ഈ നിവേദകസംഘത്തെ സ്വീകരിക്കുന്നതിനും നിവൎത്തനപ്രസ്ഥാനം പരിത്യജിച്ചിരിക്കുന്നു എന്നും നിങ്ങളുടെ ആവശ്യങ്ങളെപ്പററി അറിയിക്കുന്നതിനു വ്യവസ്ഥാപിതമാൎഗ്ഗങ്ങൾ മുഖേന എന്റെ ഗവമ്മെൻറിനെ സമീപിക്കുക എന്നുള്ളതുമാത്രമായിരിക്കും നിങ്ങളുടെ നയം എന്നും ഗ്രഹിക്കുന്നതിനും എനിക്കു സന്തോഷമുണ്ടു്.

വ്യവസ്ഥാപിതമാൎഗ്ഗം അനുസരിച്ചുള്ള നയം തുടരുന്നിടത്തോളം കാലം രാജ്യത്തിന്റെ ഐശ്വൎയ്യത്തേയും സമുദായങ്ങൾ തമ്മിലുള്ള മൈത്രിയേയും അഭിവൃദ്ധമാക്കണമെന്നുള്ള ഏക ആഗ്രഹത്തോടുകൂടിയിരിക്കുന്ന എന്റെ ഗവമ്മെൻറു എല്ലാ സമുദായക്കാരുടെയും എല്ലാവിധ താല്പൎയ്യങ്ങളുടെയും അവകാശവാദങ്ങളെപ്പററി ഗൌനിക്കുന്നതായിരിക്കും.

നിങ്ങളുടെ മെമ്മോറിയലിൽ പറയുന്ന ചില കാൎയ്യങ്ങൾ ഉടനടിയുള്ള ആലോചനയ്ക്കു വിഷയമാകേണ്ടവയാണ്. മററു ചിലവയുടെ അവസാന തീരുമാനം കല്പിക്കേണ്ടതു് ഇയ്യിടെ സംഘടിതമായിട്ടുള്ള നിയമസമിതികളുടെ കാലാവധി തീരുമ്പോൾ വേണ്ടതുമാകുന്നു. എന്നാൽ ഇവയെ എല്ലാംപററി ഞാൻ സൂചിപ്പിച്ചിട്ടുള്ള ആദൎശത്തെ മുൻനിൎത്തിക്കൊണ്ടു എന്റെ ഗവമ്മെൻറു പരിചിന്തനം ചെയ്യുന്നതായിരിക്കും."

# പഞ്ചാംഗം

൧൧൦൯ ധനു. – മകരം. ജനുവരി. 1934.

| | | | | |
|---|---|---|---|---|
| ൧൭ | 1 | തി. | ✠ | ന. ക. ഛേദനാചാരം. |
| ൧൮ | 2 | ചൊ. | വി. | മക്കാരീസ്. |
| ൧൯ | 3 | ബു. | വി. | ജനോവെ ക. |
| ൨൦ | 4 | വ്യാ. | വി. | ആൻജെലാ ക. |
| ൨൧ | 5 | വെ. | വി. | ശെമഓൻ. |
| ൨൨ | 6 | ശ. | ✠ | ന. ക. ദെനഹാ. |
| ൨൩ | 7 | ഞാ. | ✠ | വി. ലൂസ്യൻ. |
| ൨൪ | 8 | തി. | വി. | ലോറ. യുസ്തിനിയാനി. |
| ൨൫ | 9 | ചൊ. | വി. | ജൂലിയൻ. |
| ൨൬ | 10 | ബു. | ഭാ. | ഗൊൺസാൽവോ. |
| ൨൭ | 11 | വ്യാ. | വി. | ഹിജീനസ് പാ. |
| ൨൮ | 12 | വെ. | വി. | സോത്തിക്കസ്. |
| ൨൯ | 13 | ശ. | വി. | വെറോനിക്കാ. |
| ○ | 14 | ഞാ. | ✠ | വി. ഹില്ലാരി. |
| ൨ | 15 | തി. | വി | പൌലോസ്. |
| ൩ | 16 | ചൊ. | വി. | മർസേലിസ് പാ. |
| ൪ | 17 | ബു. | വി. | അന്തോനീസ്. |
| ൫ | 18 | വ്യാ. | വി. | പത്രോ. റോ. സിം. |
| ൬ | 19 | വെ. | വി. | കന്യൂട്ട രാ. |
| ൭ | 20 | ശ. | വി. | പവ്യാ. സെബസ്ത്യാ. |
| ൮ | 21 | ഞാ. | ✠ | അഗ്നേസ്. |
| ൯ | 22 | തി. | വി. | അനസ്താസി. (ഇ. വി.) |
| ൧൦ | 23 | ചൊ. | വി. | ഇൽദെഫോൻസ്. (ഇ. വി.) |
| ൧൧ | 24 | ബു. | വി. | തിമോത്തി. (ഇ. വി.) |
| ൧൨ | 25 | വ്യാ. | വി. | പൌലാ. |
| ൧൩ | 26 | വെ. | വി. | പൊലിക്കാപ്പ്. |
| ൧൪ | 27 | ശ. | വി. | ക്രിസോസ്തോമ്മോസ്. |
| ൧൫ | 28 | ഞാ. | ✠ | വി. ക്രൂറില്ലോസ്. |
| ● | 29 | തി. | വി. | ഫ്റം. സാലെസ്. |
| ൧൭ | 30 | ചൊ. | വി. | മത്തീനാ. |
| ൧൮ | 31 | ബു. | വി. | പത്രോ. നൊലാസ്കോ. |

---

✠ എല്ലാവക്കം കടമുള്ള ദിവസം.

# വിജ്ഞാപനം.

ഒരാണ്ടത്തെ വരിസംഖ്യ അയച്ചുതരാതെ അപേക്ഷിക്കുന്നവരെ മാസികയുടെ പുതിയ വരിക്കാരായി ചേൎക്കുന്നതല്ല.

തുടൎച്ചയായ ലേഖനങ്ങൾ മുഴുവനുംകൂടി ഒന്നായി അയച്ചുതരാത്തപക്ഷം പരിശോധിച്ചു തീൎച്ചപ്പെടുത്തുവാൻ സൌകൎയ്യപ്പെടുന്നതല്ലായ്കയാൽ എത്ര ദീൎഘലേഖനങ്ങളായാലും ഒന്നായിട്ടു അയച്ചുതരേണ്ടതാണു്.

പ്രസിദ്ധീകരണത്തിനായി അയക്കുന്നവ വ്യക്തമായി കടലാസിന്റെ ഒരു വശത്തുമാത്രം എഴുതിയിരിക്കണം.

പത്രാധിപർ, "കുടുംബദീപം", തേവര.

---

# "റീത്താസന്ദേശം"

"അസാദ്ധ്യകാൎയ്യങ്ങളുടെ മദ്ധ്യസ്ഥ" എന്ന അപരനാമത്താൽ വിശ്വവിഖ്യാതയായ വിശുദ്ധ റീത്തായുടെ ബഹുമാനാൎത്ഥം ൧൯൩൪ ജനുവരിമുതൽ ചിത്രങ്ങളോടുകൂടെ പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്ന ഒരു പുതിയ മാസിക. ഒരാണ്ടത്തെ വരിസംഖ്യ (സ്വദേശം ഒന്നര ഉറുപ്പിക. വിദേശം രണ്ടു ഉറുപ്പിക.) ഒരു കൊല്ലത്തെ വരിസംഖ്യ മണിയോർഡറായി അടച്ചു അപേക്ഷിക്കുന്ന എല്ലാവൎക്കും, ശ്രീമാൻ കെ. ഏ. പോൾ അവർകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്തുത വിശുദ്ധയുടെ മനോഹരമായ ജീവചരിത്രം ഓരോ കോപ്പി പ്രഥമലക്കത്തോടൊരുമിച്ചു തന്നെ അയച്ചുകൊടുക്കുന്നതാണു്. ഒന്നാംലക്കം വി. പിയായി അയക്കാൻ ആവശ്യപ്പെടുന്നവൎക്കും ഈ സൗജന്യം അനുവദിക്കും. വി. പി. സ്വീകരിച്ചതിനുശേഷമേ അവൎക്കു് പ്രസ്തുത പുസ്തകം അയക്കുകയുള്ളൂ.

മേൽവിലാസം:-

മാനേജിംഗ് എഡിറ്റർ,
"റീത്താസന്ദേശം," തേവര A. O. & P. O.
എറണാകുളംവഴി.

Reg. No. C. 130.

# SADHANA AUSADHALAYA, DECCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്ര ഗോസ്, എം. എ., എഫ്. സി. എസ്സ്.

ആയുൎവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ. ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

**മകരദ്ധ്വജ** (സ്വൎണ്ണസിന്ദൂരം) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിന്നും മനസ്സിന്നും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.
ഒരു [illegible] തൂക്കത്തിന് ക. ൪.

**ശാരിബാദിസരസം** ഇതു ഉഷ്ണപ്പുണ്ണിന്ന് ഒക്കുന്ന മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവ; മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു.
ഒരു സേറിന്ന ക. ൨.

**സുഖദ സഞ്ജീവനി.** ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിന്ന ക. ൩.

**അബലാബാന്ധവയോഗഃ**- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു: ൩ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്ക വില ക. ൨. [illegible]തിന് ക. ൭.

കൂടുതൽ വിവരങ്ങൾക്കു മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു്. ഞങ്ങളുടെ മരുന്ന ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ ഞങ്ങൾക്ക സാധിക്കുമെന്നു അതിശയോക്തി സ്വല്പംകൂടാതെ പറയാം.
ഒരു കുപ്പിക്ക വില ക. ൨-൧൨-൦.

## കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്ന ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.
കുപ്പി ഒന്നിന്ന ക. ൪-൮-൦.

## പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.
ഒരു കുപ്പിക്ക വില ക. ൪-൧൨-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിന്നും വിശേഷമാണു. പോഷകങ്ങളായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്ഥാദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്ക പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിന്നും ഉപയോഗിക്കേണ്ടതു. 'എമിറ്റ്' എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണ മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ.

---

Printed at the "Little Flower" Press and published by Fr. Anastasius C. D.
THEVARA, ERNAKULAM, S. INDIA.